# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പിരായിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി)പി 17-1901/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 28/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിരായിരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി)പി 17-1901/23 തീയ്യതി: 28/12/2023

## പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-02-2023 മുതൽ 01-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 02-12-2023 | 13-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-12-2023 | 13-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

രാജൻ.കെ. ഓഡിറ്റ് ഓഫീസർ

താരിഖ്.എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ഹിഷാം മുഹമ്മദ്.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ

ഗീത.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുമതി.സി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രജീഷ് കുമാർ.സി.സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 25-04-2022 |

| | | | |
|---|---|---|---|
| ശ്രീ.ജോസ് പ്രകാശ് | സെക്രട്ടറി | 26-04-2022 | 12-07-2022 |
| ശ്രീ.രജീഷ് കുമാർ.സി.സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2022 | 22-07-2022 |
| ശ്രീ.ജോസ് പ്രകാശ് | സെക്രട്ടറി | 23-07-2022 | 01-10-2022 |
| ശ്രീ.രജീഷ് കുമാർ.സി.സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 11-10-2022 |
| ശ്രീ.രാജ്കുമാർ.എസ്. | സെക്രട്ടറി | 12-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രജീഷ് കുമാർ.സി.സി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.പി.എം.ദേവപ്രസാദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 21-09-2022 |
| ശ്രീമതി.അഖില | അസിസ്റ്റന്റ് എഞ്ചിനിയർ | 22-09-2022 | 31-03-2023 |
| ശ്രീ.ശിവപ്രസാദ് | വി.ഇ.ഒ | 01-04-2022 | 25-10-2022 |
| ശ്രീമതി.ഷീജ | വി.ഇ.ഒ | 26-10-2022 | 31-03-2023 |
| ശ്രീമതി.രശ്മി കൃഷ്ണ | കൃഷി ഓഫീസർ | 01-04-2022 | 15-07-2022 |
| ശ്രീമതി.സ്മിത സാമുവൽ | കൃഷി ഓഫീസർ | 16-07-2022 | 26-07-2022 |
| ശ്രീമതി.മുഫീദ.ടി.പി. | കൃഷി ഓഫീസർ | 27-07-2022 | 31-03-2023 |
| ശ്രീമതി.സീതാലക്ഷ്മി.എൻ. | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി.രാധിക.സി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രമീള.എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ദിലീപ് ഫൽഗുണൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. മഹി.കെ.എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. റീഭ. ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. റജുല. എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്–തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | എൻ ആർ ഇ ജി എസ് -I-14(c),I-14(F)എന്നിവയിലെ ആകെ ചെലവ് I-6ൽ നിന്നും വ്യത്യസ്തം | 1-1-4 |
| 6 | ഗുണഭോക്തൃ വിഹിതം ചെലവ് വാർഷികകണക്ക് I-6 ൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | തൊഴിൽനികുതിരജിസ്റ്റർ,പെർമിറ്റ് രജിസ്റ്റർ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ലൈസൻസ് ഫീസ് തൻവർഷ വരവ്-രജിസ്റ്ററും വാർഷികണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ഇ ടെണ്ടർ ഫീ വാർഷിക കണക്കിൽ വരവ് വന്നിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപെൻഷനുകൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ | 1-11 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-12 |
| 21 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 1-12-1 |
| 22 | ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-12-2 |
| 23 | ഒരേ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ ലൈസൻസ് ഫീസിടാക്കുന്നു. | 1-12-3 |
| 24 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-13 |
| 25 | കെട്ടിട നിർമ്മാണ പെർമിറ്റ്- രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-14 |
| 26 | വിജ്ഞാപനംചെയ്യപ്പെടാത്ത ഭൂമിയിൽ സ്വഭാവ വ്യതിയാനത്തിനുള്ള അനുമതിയില്ലാതെ പെർമിറ്റ് അനുവദിച്ചു | 1-14-1 |
| 27 | പെർമിറ്റ് അനുവദിക്കുന്നതിൽ സമയ പരിധി പാലിക്കുന്നില്ല | 1-14-2 |
| 28 | സ്ഥാപനവുമായി എഗ്രിമെന്റ് ചമക്കാതെ ഏരിയൽ പോൾ സ്ഥാപിക്കുന്നതിന് അനുമതി നല്കി | 1-15 |
| 29 | 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തലും വസ്തുനികുതിയുടെ അവലോകനവും | 1-16 |
| 30 | വസ്തു നികുതി - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ | 1-17 |
| 31 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തി | 1-17-1 |
| 32 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-17-2 |
| 33 | സഞ്ചയ ഡാറ്റാബേസിലെ എം.എസ്.എം.ഇ കളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല | 1-17-3 |

| | | |
|---|---|---|
| 34 | ആംബുലൻസിന് ഫ്രീസർ വാങ്ങൽ | 1-18 |
| 35 | കാർഷിക മേഖലയിൽ നാമമാത്ര പ്രോജക്ടുകൾ മാത്രം | 1-19 |
| 36 | എബിസി പദ്ധതി -നിർവഹണം തെറ്റായി ചെലവ്പത്രികയിൽ ഉൾപ്പെട്ടുത്തി | 1-20 |
| 37 | ICDS കേന്ദ്ര ഫണ്ട് നിഷ്ക്രിയമായി തുടരുന്നു | 1-21 |
| 38 | തെരുവ് വിളക്ക് പരിപാലനം അപാകതകൾ | 1-22 |
| 39 | തെരുവുവിളക്ക് പരിപാലനം - തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല | 1-22-1 |
| 40 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ് പ്രവൃത്തി- അക്രഡിറ്റഡ് ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മുഖേനയുള്ള നിർവ്വഹണം- അപാകതകൾ | 1-22-2 |
| 41 | നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ് തെരുവ് വിളക്ക് റിപ്പയർ പ്രവർത്തി നടത്തി | 1-22-3 |
| 42 | സപ്ലൈയറിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. | 1-23 |
| 43 | പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണത്തിനനുസരിച്ച് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്. | 1-24 |
| 44 | കുടിവെള്ള പദ്ധതി നടത്തിപ്പ് അപാകതകൾ | 1-25 |
| 45 | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക അടവാക്കി - തുടർനടപടി വിവരം ലഭ്യമല്ല | 1-26 |
| 46 | ലൈഫ് ഭവന നിർമ്മാണ പദ്ധതി -രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-27 |
| 47 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 48 | ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാകേണ്ടതാണ് | 1-29 |
| 49 | മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ നിരക്ക് നൽകിയിട്ടില്ല. | 1-30 |
| 50 | വിവിധ ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ് | 1-31 |
| 51 | അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ് | 1-32 |
| 52 | മരാമത്ത് പ്രവൃത്തികൾ -പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-33 |
| 53 | മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം-ഫൈൻ ഈടാക്കിയില്ല | 1-34 |
| 54 | മരാമത്ത് പ്രവൃത്തികൾ– പൊതു അപാകതകൾ | 1-35 |
| 55 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികളുടെ വിവരം. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ - സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15.7.23 ലെ 2/2 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30-10-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പിരായിരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: 28-12-2023

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-തുകകൾ പൊരുത്തപ്പെടുന്നില്ല.**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12317677.00/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12705139.00/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-3 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62(ഇ,എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-4 എൻ ആർ ഇ ജി എസ് -I-14(c),I-14(F)എന്നിവയിലെ ആകെ ചെലവ് I-6ൽ നിന്നും വ്യത്യസ്തം**

എൻ ആർ ഇ ജി എസ് -I-14(c),I-14(F)എന്നിവയിലെ ആകെ എൻ ആർ ഇ ജി എസ് ചെലവ് I-6 ലെ എൻ.ആർ.ഇ.ജി.എസ് ചെലവിൽ നിന്നും വ്യത്യസ്തം ആണ്. പരസ്പരം പൊരുത്തപ്പെടേണ്ടതാണെങ്കിലും അപ്രകാരം പൊരുത്തപ്പെടുന്നില്ല.

**1-1-5 ഗുണഭോക്തൃ വിഹിതം ചെലവ് വാർഷികകണക്ക് I-6 ൽ രേഖപ്പെടുത്തിയിട്ടില്ല**

2022-23 വർഷത്തെ ഗുണഭോക്തൃ വിഹിതം ചെലവ് (സുലേഖ പ്രകാരം 420368 രൂപ) വാർഷികകണക്ക് I-6 ൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവഹണ സമയത്ത് ഗുണഭോക്തൃ വിഹിതം തിരികെ നൽകിയിട്ടുണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ കൃത്യമായി ജേണൽ വൗച്ചർ മുഖേന ചെലവ് രേഖപ്പെടുത്താത്തതിനാൽ ഗുണഭോക്തൃവിഹിതം ബാലൻസ് ആയി B4 ൽ തെറ്റായ തുകയാണ് (1575340 രൂപ) ചേർത്തിട്ടുള്ളത്.

**1-1-6 തൊഴിൽനികുതിരജിസ്റ്റർ,പെർമിറ്റ് രജിസ്റ്റർ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല**

തൊഴിൽനികുതി രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ വാർഷികണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിക്കുന്നില്ല.

**1-1-7 ലൈസൻസ് ഫീസ് തൻവർഷ വരവ്-രജിസ്റ്ററും വാർഷികണക്കുമായി പൊരുത്തപ്പെടുന്നില്ല.**

ലൈസൻസ് ഫീസ് തൻവർഷ വരവ് -രജിസ്റ്ററും വാർഷികണക്കുമായി പൊരുത്തപ്പെടുന്നില്ല.

**1-1-8 ഇ ടെണ്ടർ ഫീ വാർഷിക കണക്കിൽ വരവ് വന്നിട്ടില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ സാമ്പത്തിക വർഷം പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ആയത് I-5, RP-5 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

തനതുഫണ്ടിലേക്ക് വരവ് വരേണ്ട തുകകളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/8-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ (പാലക്കാട് സിവിൽ സ്റ്റേഷൻ ബ്രാഞ്ച് SBI ലുള്ള ബാങ്ക് അക്കൗണ്ടിൽ (നം.37365039166) 31.3.2023 ന് 17589/- രൂപ നീക്കിയിരിപ്പുണ്ട്. അതാത് സാമ്പത്തിക വർഷം വരവ് വരുന്ന തുകകൾ ആ കാലയളവിൽ തന്നെ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും, വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**1-2 ബജറ്റ്**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ അനുസരിച്ചും സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായും വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

30-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

28/03/2023ലെ തീരുമാനം നം. 1(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 55,73,677 |
| തൻവർഷം വരവ് | 31,69,76,611 |
| ആകെ വരവ് | 32,25,50,288 |
| ചെലവ് | 31,84,26,115 |
| നീക്കിയിരിപ്പ് | 41,24,173 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 45495862 |
| വരവ് | 85703108 |
| ആകെ | 131198970 |
| ചെലവ് | 73385431 |
| നീക്കിയിരിപ്പ് | 57813539 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 25392348 | 25392348 | 22556781 | 2835567 |
| വികസനഫണ്ട് എസ്.സി.പി | 0 | 13455161 | 13455161 | 7516700 | 5938461 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 10668000 | 10668000 | 3982540 | 6685460 |

| | | | | | |
|---|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 8506000 | 8506000 | 2259578 | 6246422 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)- ബാങ്ക് | 2410435 | 4660482 | 7070917 | 2958070 | 4112847 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)- ബാങ്ക് | 4924275 | 6552000 | 11476275 | 4904764 | 6571511 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- (സ്പിൽ ഓവർ)- ട്രഷറി | 0 | 2286276 | 2286276 | 1117691 | 1168585 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്- (സ്പിൽ ഓവർ)- ട്രഷറി | 0 | | | 187400 | |
| **സംസ്ഥാനാവിഷ്കൃതം** | | | | | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 763335 | 0 | 763335 | 699000 | 64335 |
| **കേന്ദ്രാവിഷ്കൃതം** | | | | | |
| TSC | 3785074 | 0 | 3785074 | 0 | 3785074 |
| ICDS | 709111 | 1911374 | 2620485 | 0 | 2620485 |
| Health Grant -Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres | 0 | 298153 | 298153 | 0 | 298153 |
| Health Grant Towards Support For Diagnostic Infrastructure To The | 0 | 162885 | 162885 | 0 | 162885 |

| | | | | | |
|---|---|---|---|---|---|
| PHCs | | | | | |
| തൊഴിലുറപ്പ് പദ്ധതി | 8 | 20737702 | 20737710 | 20734803 | 2907 |

*സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) -ൽ ₹292482/- പലിശ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 209699519 | 144 | 71938017 | 0 | 83 | 63.43 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 63.43% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 34.30% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 5210226 | 4623612 | 89 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 1674250 | 892114 | 53 |
| മെഡിക്കൽ ഓഫീസർ-PHC | 9 | 7 | 2890019 | 2289944 | 79 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 450000 | 426100 | 95 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 550000 | 550000 | 100 |
| വി.ഇ.ഒ | 14 | 14 | 121429802 | 24989884 | 21 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 5 | 5840000 | 4606939 | 79 |
| സെക്രട്ടറി | 55 | 30 | 33131932 | 18367888 | 55 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 3702450 | 1201027 | 32 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 113 | 63 | 31845840 | 12195604 | 38 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 825000 | 799740 | 97 |
| ഹെഡ്മാസ്റ്റർ | 3 | 2 | 2150000 | 995165 | 46 |
| ആകെ | 227 | 144 | 209699519 | 71938017 | 34 |

**1-6 തൊഴിലുറപ്പ് പദ്ധതി**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8 | 1150101 | 1150109 | 1147202 | 2907 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19587601 | 19587601 | 19587601 | 0 |
| ആകെ | 8 | 20737702 | 20737710 | 20734803 | 2907 |

**1-7 ക്ഷേമപെൻഷനുകൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4317400 | 305 |
| വിധവാ പെൻഷൻ | 19916200 | 2128 |
| വാർദ്ധക്യകാല പെൻഷൻ | 36232900 | 3872 |
| വികലാംഗ പെൻഷൻ | 4853800 | 468 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 747200 | 69 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 300000 | 10 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-12-2023 ന് സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 58222/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. തൊഴിൽ നികുതി രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ എന്നിവ വർഷാന്ത്യ സംക്ഷിപ്തമെഴുതി കാലികമാക്കേണ്ടതാണ്. ഉപയോഗ ക്രമത്തിനനുസരിച്ച് കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്. കാർഷിക മേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. പഞ്ചായത്ത് നേരിട്ട് നിർമ്മാണാനുമതി നൽകുമ്പോൾ 2008 ലെ നെൽവയൽ നീർത്തട സംരക്ഷണ ചട്ടങ്ങൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ അതാത് വർഷം തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്. പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന രീതിയിൽ തൊഴിൽനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ അവസാനം നടന്ന ഓഡിറ്റിൽ 2014-15 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട് (ഓഡിറ്റ് റിപ്പോർട്ട് നം. 28.9.2016 ലെ എൽ ബി എ /AR 2014-15/748 ). പെർഫോമൻസ് ഓഡിറ്റ് 11.01.2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

## 1-11 ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162(എ)(എ)(i) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നീ വിഷയങ്ങൾ കൈകാര്യ ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

പുതിയ തനത് വരുമാന മേഖലകൾ നിർദ്ദേശിക്കുന്നതിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതിലും വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റ്-പിരിവ് പുരോഗതി അവലോകനം നടത്തുന്നതിനും മുൻവർഷങ്ങളിലെയും തൻവർഷത്തേയും വരവിനങ്ങൾ സാമ്പത്തിക വർഷാവസാനം പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലും ഉള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

### എ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം, തീരുമാനങ്ങൾ

2000 ലെ കേരള പഞ്ചായത്ത്രാജ്(സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടെന്ന് മിനിട്ട്സ് പരിശോധിച്ചതിൽ ബാധ്യപ്പെട്ടു. ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, നികുതി പിരിവ് പുരോഗതി വിലയിരുത്തുക, 60 ച.മീ താഴെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയത് പരിശോധിച്ച് അംഗീകരിക്കുക, പൊളിഞ്ഞു പോയ കെട്ടിടങ്ങളെ ഡിമാന്റിൽ നിന്ന് ഒഴിവാക്കുക, പൂട്ടൂർ കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ പൊട്ടിപൊളിഞ്ഞത് റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുക എന്നീ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്.

### ബി) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബജറ്റും

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| എ) നികുതി | | | | |
| 1 | വസ്തു നികുതി | 6534067 | 7000000 | 7000000 |
| 2 | തൊഴിൽ നികുതി | 3087200 | 4200000 | 4200000 |
| | | | | |
| 3 | ലൈസൻസ് ഫീസ് | 346790 | 400000 | 400000 |
| 4 | വാടക-ഓഡിറ്റോറിയം & ഹാൾ | 281500 | 400000 | 0 |

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നികുതി, നികുതിയേതര വർദ്ധനവിനായി പുതിയ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉണ്ടായിട്ടില്ല. ബജറ്റ് വർദ്ധനക്കനുസരിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

### സി) ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം

2022-23 വർഷത്തെ ഏതാനും ഇനങ്ങളുടെ ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും താരതമ്യം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രധാന വരവുകൾ | 2022-2023 | 2022-2023 |
|---|---|---|

| | വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവ് (₹) | വർഷത്തെ യഥാർത്ഥ വരവ് (₹) |
|---|---|---|
| വസ്തു നികുതി | 7000000 | 7545576 |
| തൊഴിൽ നികുതി | 4200000 | 3281770 |
| ലൈസൻസ് ഫീസ് | 400000 | 422560 |
| വാടക- ഓഡിറ്റോറിയം & ഹാൾ | 0 | 677042 |

മേൽ ഇനങ്ങളിൽ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്.

**ഡി) പുതുക്കിയ വസ്തുനികുതി പരിഷ്കരണം-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ**

1-4-2023 മുതൽ പുതുക്കിയ വസ്തു നികുതി പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക തീരുമാനം എടുത്ത് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

മേൽ വിഷയത്തിൽ അഭിപ്രായം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1)) സാമ്പത്തിക നിയന്ത്രണത്തിന്റെ മുഖ്യ ഇനമാണ് ബജറ്റ് പ്രക്രിയ എന്നതിനാൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ബജറ്റ് നടപടികൾ കാര്യക്ഷമമാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മക ഇടപെടൽ ഉണ്ടാകേണ്ടതാണ്.

2) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.31/12.12.2023 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

2022-23 സാമ്പത്തിക വർഷത്തിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചതിന്റെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ പറയുന്നു.

### 1-12-1 ലൈസൻസ് ഫീസ് കുറവായി ഈടാക്കി

എ.ആർ സ്റ്റീൽസ്, ബ്ലോക്ക് ഓഫീസിന് സമീപം, കല്ലേക്കാട് (ലൈസൻസ് നമ്പർ A-7-1728/2022(81-31 /03/2023) തീ 01-04-22 എന്ന സ്ഥാപനത്തിന് കമ്പി, പൈപ്പ്, ഷീറ്റ്, സിമന്റ് എന്നിവയുടെ വില്പന നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ലൈസൻസി സമർപ്പിച്ച അപേക്ഷയിൽ ആകെ മൂലധന നിക്ഷേപമായി കാണിച്ചിട്ടുള്ളത് 52 ലക്ഷം രൂപയാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 2 പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ സ്ഥാപനങ്ങളെ വിവിധ വിഭാഗങ്ങളായി തിരിക്കുകയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. സ്മാൾ എന്റർപ്രൈസസ് വിഭാഗത്തിൽ സേവന മേഖലയിലെ 50 ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ളതും 2

കോടിയിൽ അധികരിക്കാത്തതുമായ മൂലധന നിക്ഷേപമുള്ള വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് 5000/- രൂപയാണ്.

സേവന മേഖലയിൽ 50 ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ളതും 2 കോടിയിൽ അധികരിക്കാത്തതുമായ മൂലധന നിക്ഷേപമുള്ള വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് 5000/- രൂപയാണെന്നിരിക്കെ മേൽ സ്ഥാപനത്തിന് 1000/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/7-12-2023) സ്ഥാപന ഉടമയ്ക്ക് കുറവ് തുകയായ 4000/- രൂപ അടവാക്കണമെന്ന് ആവശ്യപ്പെട്ട് 11-12-2023 തീയതിയിൽ കത്ത് നല്കിയതായി അറിയിച്ചിട്ടുണ്ട്.

ലൈസൻസ് ഫീയിനത്തിലെ കുറവ് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

**1-12-2 ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല**

ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്ന വിവരശേഖരണത്തിൽ ആകെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ലൈസൻസ് എടുത്തവ എന്നീ വിവരങ്ങൾ ഉൾകൊള്ളിച്ച് ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 5/7-12-2023)

വസ്തു നികതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്ന വിവരശേഖരണത്തിൽ വാണിജ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് 31 മാർച്ച് 2024 മുൻപ് ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-12-3 ഒരേ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ ലൈസൻസ് ഫീസിടാക്കുന്നു.**

മൈക്രോ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ലൈസൻസ് നൽകിയ വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നല്കിയത് | മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| മുഹമ്മദ് ഷംസീർ .എം | ഒളിമ്പിക്സ് മോഡേൺ | ബേക്കറി സാധനങ്ങളുടെ വില്പന | 5 ലക്ഷം | 2000 |
| മുഹമ്മാദലി | പിലാക്കൽ പാക്കേഴ്സ് | ബേക്കറി സാധനങ്ങളുടെ പാക്കിംങ്ങ് | 538000 | 500 |
| ജയൻ.കെ | ജെ.കെ എന്റർപ്രൈസസ് | ടയർ സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് | 2 ലക്ഷം | 1000 |
| വിനോദ് .ടി.എ | റോയൽ മാർക്കറ്റിംഗ് | തുണി കച്ചവടം | 2 ലക്ഷം | 500 |

ഏകീകൃത മാനദണ്ഡമില്ലാതെ ലൈസൻസ് ഫീസ് മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടുള്ളതിന്

കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 5/7-12-2023 ന് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

A)തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ, ലൈസൻസ് അപേക്ഷകൾ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ എന്നിവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ/തീയതി |
|---|---|---|---|
| 1 | കല്ലേക്കാട് ക്വാറി | 40 | Jc3-3427/2022 (397/31-3-2023) തീ 17/9/22 |
| 2 | ടി.7 ഫ്യൂവൽസ് | 6 | A7-1636/2022 (56/31-3-2023) തീ 1/4/22 |
| 3 | എ.ആർ സ്റ്റീൽസ് | 8 | A7-1728/2022 (81/31-3-2023) തീ 1/4/22 |
| 4 | വിൻലക്സ് ഹാർഡ് വെയർ | 8 | A7-1717/2022 (75/31-3-2023) തീ 1/4/22 |
| 5 | എ.എം വിങ്ങ്സ് ടു വീലർ Pvt ലിമിറ്റഡ്, ഹോണ്ട ബിഗ് വിങ്ങ് | 9 | Jc3-11(2)/2022 (250/31-3-2023) തീ 1/4/22 |
| 6 | അമൃത് അച്ചാർ | 9 | A7-2642/2022 (245/31-3-2023) തീ 1/4/22 |
| 7 | കെ.കെ.എം പെട്രോ പാർക്ക് | 8 | A7-1572/2022 (233/31-3-2023) തീ 1/4/22 |
| 8 | ഗ്രാന്റ് മോട്ടേഴ്സ് 5/876 | 17 1 ാം അർദ്ധ വർഷം അടവാക്കിയിട്ടില്ല | A7-2788/2022 (213(1)/31-3-2023) തീ 1/4/22 |
| 9 | ഐക്കൺ എക്യുപ്മെന്റ്സ് | 6 | Jc3-3900/2022 (400/31-3-2023) |

| | | | |
|---|---|---|---|
| | | | തീ 13/10/22 |
| 10 | എം &എച്ച് സോഡാ കമ്പനി | 7 | Jc3-3138/2022 (372/31-3-2023) തീ 15/9/22 |
| 11 | ഹോട്ടൽ ഗ്രീൻ സ്റ്റാർ | 7 | Jc3-1717/2022 (319/31-3-2023) തീ 28/6/22 |
| 12 | സാം സാം പ്ലാസ്റ്റിക്സ് | 8 | JC3-1006/2022 (289/31-3-23) തീ 28/05/23 |

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16ൽ (1) പ്രകാരം സെക്രട്ടറിക്ക് തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണ്. ഒരു അർദ്ധവർഷത്തെ തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി 1ാം നമ്പർ ഫോറത്തിൽ ഓഫീസ് തലവനോടോ തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ 15 ദിവസത്തിനുള്ളിൽ llാം നമ്പർ ഫോറത്തിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

മേൽ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 9-8/12/2023 ന് ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

B) തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനം | ആദ്യപാദം/രണ്ടാം പാദം |
|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 1 അർദ്ധ വർഷം |
| 2 | വ്യാസ വിദ്യാ പീഠം | 2 അർദ്ധ വർഷം |
| 3 | പോസ്റ്റ് ഓഫീസ്, കല്ലേക്കാട് | 1 അർദ്ധ വർഷം |
| 4 | ലക്ഷമണ ചന്ദ്ര വിദ്യാലയ | 1 അർദ്ധ വർഷം |
| 5 | സിൽവാൺ ടൈൽസ്, കല്ലേക്കാട് | 1 &2 അർദ്ധ വർഷം |
| 6 | ആര്യ മോട്ടേഴ്സ് | 2 അർദ്ധ വർഷം |
| 7 | പോസ്റ്റ് ഓഫീസ് , കൊടുന്തിരപ്പുള്ളി | 1 &2 അർദ്ധ വർഷം |
| 8 | PHC, പാലിയേറ്റീവ് | 2 അർദ്ധ വർഷം |

| | | |
|---|---|---|
| | കെയർ | |
| 9 | ഹസ്സനിയ പബ്ലിക് സ്കൂൾ | 2 അർദ്ധ വർഷം |
| 10 | MGNREGS | 1 അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനുള്ള കാരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 5/7-12-2023)

തൊഴിൽ നികുതി അടവാക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കെട്ടിട നിർമ്മാണ പെർമിറ്റ്- രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

കെ.പി.ബി.ആർ പ്രകാരമുള്ള രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-14-1 വിജ്ഞാപനംചെയ്യപ്പെടാത്ത ഭൂമിയിൽ സ്വഭാവ വ്യതിയാനത്തിനുള്ള അനുമതിയില്ലാതെ പെർമിറ്റ് അനുവദിച്ചു

ഉമ്മർ കെ. കെ , 19/335, കല്ലിങ്കൽ ഹൗസ്, അത്താളൂർ, കൊടുന്തിരപ്പുള്ളി എന്നവർ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിനായി അപേക്ഷ (ഫയൽ നമ്പർ-എ2-317/22 തീ 26/4/2022) സമർപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പിരായിരി വില്ലേജ് ഓഫീസർ നല്കിയ 24/03/22 തിയിതിലെ പൊസഷൻ സർട്ടിഫിക്കറ്റ് നമ്പർ 64019436 പ്രകാരം റീ സർവ്വെ ബ്ലോക്ക് 19 റീ സർവ്വേ നമ്പർ 124/9 ൽ പ്പെട്ട 0.0170 ഹെക്ടർ സ്ഥലവും റീ സർവ്വേ നമ്പർ 124/10 ൽ പ്പെട്ട 0.0475 ഹെക്ടർ സ്ഥലവും കെട്ടിട നിർമ്മാണത്തിനായി അപേക്ഷിച്ചതിൽ ഉൾപ്പെട്ടിട്ടുള്ളത്. വില്ലേജിലെ രേഖകൾ പ്രകാരം പ്രസ്തുത റീ സർവ്വെ നമ്പറുകളുടെ ക്ലാസിഫിക്കേഷൻ 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

17-02-2022 തീയതിയിലെ പാലക്കാട് സബ് കളക്ടറുടെ RDOPKD/4494/2021-J3 നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് 19 റീ സർവ്വേ നമ്പർ 124/9 ൽ പ്പെട്ട 0.0170 ഹെക്ടർ നിലം വഹകളും ബ്ലോക്ക് 19 റീ സർവ്വേ നമ്പർ 124/10 ൽ പ്പെട്ട 0.0475 ഹെക്ടർ നിലം വഹകളും ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ(Residential Cum Commercial) രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Commercial GF- 59.78 M2

Residential FF- 72.13 M2

Residential SF- 12.15 M2

ആകെ- 144.06 ച.മീ

ഓവർസീയറുടെ റിപ്പേർട്ടിന്റെ അടിസ്ഥാനത്തിൽ 19/5/2022 ന് എ2-317/22 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച പ്ലാനിൽ Section, Specification, FSI, Coverage , Floor Area എന്നിവയിൽ വ്യത്യാസമുള്ളതായി അറിയിച്ചിട്ടുണ്ട്. 28/5/22 തീയതിയിൽ ഓവർസീയർ KPBR ചട്ടം പാലിക്കുന്നതിനാൽ പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10/06/22 തീയതിയിലെ 1220201067 രശീതി പ്രകാരം പെർമിറ്റ് ഫീസായി 1441/- ഷട്ടർ ഫീസായി (4x300= 1200) ഈടാക്കിയിട്ടുണ്ട്.

10/06/2022 തീയതിയിലെ A2-BA(192805)/2022 പെർമിറ്റ് പ്രകാരം 19/335 നമ്പർ കെട്ടിടത്തിന്റെ അടുത്തായിട്ടാണ് Site Approval & Permission അനുവദിച്ചിരിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നിർമ്മാണാനുമതിനല്കുന്നതിന് ബാധകമായ വ്യവസ്ഥകൾ 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ വകുപ്പ് 27 എ (6) പ്രകാരം പരമാവധി 4.04

ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 40 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനുമാണ്.

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ സ്വഭാവ വ്യതിയാനം നടത്തുന്നതിനായി ഭൂമിയുടെ വിസ്തീർണ്ണം 20.23 ആർ (50 സെന്റ്) വരെയാണെങ്കിൽ ഫോറം 6 ൽ അപേക്ഷ സമർപ്പിക്കേണ്ടതും. സ്വഭാവ വ്യതിയാനത്തിന് അനുമതി നല്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ, ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയ ആ.ഡി.ഒ യുടെ ഉത്തരവ് വാങ്ങേണ്ടതാണ്.

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ സ്വഭാവ വ്യതിയാനം നടത്തുന്നതിനായി ആർ .ഡി .ഒ യുടെ അനുമതിയില്ലാതെ 15.941 സെന്റ് സ്ഥലത്ത് 144.06 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ച നല്കിയതിനുള്ള വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 5/7-12-2023)

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചത് അന്വേഷണവിധേയമാക്കി ആയതിന്റെ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-2 പെർമിറ്റ് അനുവദിക്കുന്നതിൽ സമയ പരിധി പാലിക്കുന്നില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ 2021 (SRO No. 482/2021) പ്രകാരം സൈറ്റ് പ്ലാൻ അംഗീകാരത്തിനുള്ള അപേക്ഷ ലഭ്യമായതിനു ശേഷം ആയത് അംഗീകരിച്ചതിന്റെയോ നിരസിച്ചതിന്റേയോ വിവരം അപേക്ഷകനെ അറിയിക്കേണ്ട കാലയളവ് 30 ദിവസത്തിൽ നിന്നും 15 ദിവസമായി കുറച്ചിട്ടുണ്ട്. (ചട്ടം 12). പെർമിറ്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഏതാനും പെർമിറ്റ് അനുവദിച്ചതിൽ സമയ പരിധി പാലിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ ചുവടെ കെട്ടുകുന്നു

| ഫയൽ നമ്പർ/തീയതി | അപേക്ഷകന്റെ പേര്/വിലാസം | എൽ.എസ് ജി.ഡി ക്ക് കൈമാറിയത് | എൽ.എസ് ജി.ഡി യിൽ നിന്നും തിരികെ ലഭിച്ചത് | പെർമിറ്റ് നമ്പർ/ തീയതി |
|---|---|---|---|---|
| A2-1096/21 തീ 3/2/21 | ഷൗക്കത്ത്. കെ | 28/2/21 | 18/10/21 | A2-BA (275744/2022 തീ 24/08/2022 |
| Sc1/2251/22 തീ 20/07/22 | ഉസ്മാൻ | 23/07/22 | 5/9/22 | A2-BA (336653/2022 തീ 27/10/2022 |
| Sc1/8892/22 തീ 23/12/22 | ഉമ്മർ ഫാറൂക്ക് | 27/12/22 | 20/2/23 | SC1-BA (118728/2023 തീ 27/03/2023 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 5/7-12-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ടപ്രകാരമുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-15 സ്ഥാപനവുമായി എഗ്രിമെന്റ് ചമക്കാതെ ഏരിയൽ പോൾ സ്ഥാപിക്കുന്നതിന് അനുമതി നല്കി**

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് നഗര ഗ്രാമ പ്രദേശങ്ങളിലുടനീളം ഫൈബർ ടു ദ ഹോം (FTTH)തൂണുകൾ (Poles) സ്ഥാപിക്കുന്നതിന് വാടക നിരക്ക് നിശ്ചയിക്കാൻ സർക്കാരിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ റോഡുകളുടെ വശങ്ങളിൽ GI പോളുകൾ സ്ഥാപിക്കുന്നതിന് TSP/ISP സേവന ദാതാക്കൾക്ക് സ.ഉ (സാധാ) 89/2020/PWD തീയതി 23/01/2020 പ്രകാരം മാർഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവിൽ താഴെ പറയുന്ന വ്യവസ്ഥകളോടെ അനുമതി നൽകുന്നതിനുള്ള പൊതു മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഉപാധികളും നിബന്ധനകളും

TSP/ISP ( Tele Communication Service Provider/ Internet Service Provider)കമ്പനികൾക്ക് റോഡുകളുടെ വശങ്ങളിൽ GI പോളുകൾ സ്ഥാപിക്കുന്നതിന് ആദ്യം വരുന്നവർക്ക് ആദ്യം സേവനം എന്ന അടിസ്ഥാനത്തിൽ ഇനിപ്പറയുന്ന വ്യവസ്ഥകളിന്മേൽ അനുമതി നൽകാം.

- റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഷെഡ്യൂൾ സഹിതം അതത് സേവനദാതാക്കൾ കട്ടിംഗ് ജോലി ആരംഭിക്കുന്നതിനുള്ള നിർദ്ദിഷ്ട തീയതിക്കു രണ്ട് മാസം മുമ്പെങ്കിലും ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതാണ്.
- തൂണുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന്, ഓരോ തൂണിനും 360 രൂപ വാർഷിക വാടക സേവനദാതാക്കൾ അടവാക്കേണ്ടതാണ്. ഈ തുക ഓരോ വർഷവും ഓരോ തൂണിനും 5% വെച്ച് വർധിപ്പിക്കേണ്ടതാണ്. കരാറിൽ ഒപ്പുവെച്ച് 5 വർഷത്തിന് ശേഷം ഈ കരാർ പുതുക്കേണ്ടതാണ്. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള നിരക്കുകൾക്കനുസരിച്ചുള്ള തുകയും കരുതൽ നിക്ഷേപമായി വാർഷിക വാടകയുടെ 10% തുകയും ബന്ധപ്പെട്ട ഓഫീസിൽ അടവാക്കേണ്ടതാണ്.
- കട്ടിംഗ് ആരംഭിക്കുന്ന തീയതിയും പൂർത്തിയാക്കുന്ന തീയതിയും വ്യക്തമാക്കുന്ന വിശദമായ ഷെഡ്യൂൾ സമർപ്പിക്കണം.
- ഗതാഗതത്തിന് ഏറ്റവും കുറഞ്ഞ തടസ്സവും പൊതുജനങ്ങൾക്ക് കുറഞ്ഞ ബുദ്ധിമുട്ടും ഉണ്ടാകുന്ന രീതിയിൽ പ്രവൃത്തികൾ നടത്തണം.

ഗ്രാമപഞ്ചായത്തിൽ ഏരിയൽ പോളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് റിലയൻസ് ജിയോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം (RoW/1057347/64503, 10.01.2023 ) അപേക്ഷ സമർപ്പിക്കുകയും അപേക്ഷയിൻ 399 പോളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് റെസ്റ്ററേഷൻ ചാർജ് ഇനത്തിൽ 1672356 രൂപ RoW സോഫ്റ്റ്‌വെയർ മുഖേന ഡിമാന്റ് ചെയ്യുകയും മേൽ സ്ഥാപനം ഈ തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടില്ല. സ്ഥാപനവുമായി കരാർ ചമയ്ക്കാത്തതിന് കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 34-13/12/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

സ്ഥാപനവുമായി അടിയന്തിരമായി കരാർ ചമയ്ക്കേണ്ടതും സ്ഥാപിച്ച പോളുകളുടെ കൃത്യമായ എണ്ണം ഉൾപ്പെടുത്തിക്കൊണ്ട് വാടക രജിസ്റ്റർ തയ്യാറാക്കേണ്ടതുമാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-16 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തലും വസ്തുനികുതിയുടെ അവലോകനവും**

**2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5

വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**1) വസ്തു നികുതി പരിഷ്കരണം – പ്രധാന ഉത്തരവുകൾ**

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

**2) 2023 ലെ വസ്തുനികുതി പരിഷ്കരണം – നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം**

**എ) വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ**

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

**ബി) കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ**

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് ഫോറം 9ബി യിൽ അറിയിക്കാവുന്നതാണ്. സമയപരിധി 15-05-2023 തീയതിയാണ്.

നാളിതുവരെ 69 മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം ഫോറം 9B യിൽ അറിയിച്ചിട്ടുള്ളത്.

**സി) കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന**

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. ഫീൽഡ് പരിശോധന/വിവരശേഖരണം ആരംഭിച്ചിട്ടില്ല.

**സി) വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കുള്ള നിയമനം**

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. വിവര ശേഖരണത്തിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ വിവരം ലഭ്യമാക്കുന്നതിന് 2 പേർ മാത്രമാണ് നിലവിൽ ഫീൽഡ് പരിശോധന/ഡാറ്റാ എൻട്രി നടത്താൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്.

**ഡി) വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം**

സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തിന്റെ 21/06/23 തീയതിയിലെ ജെ.സി1-4447/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്(26/04/23 ലെ ഭരണസമിതി തീരുമാനം 2/(2). 10-06-23 തീയതിയിലെ പത്രങ്ങളിൽ പരസ്യം ചെയ്തിട്ടുണ്ട്. പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ 25/09/2023 തീയതിയിലെ ജെ.സി1-4447/2023 നം. ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (ഭരണസമിതി തീരുമാനം 16/09/23 ലെ 2/(1). പ്രമുഖ പത്രങ്ങളിൽ പരസ്യം ചെയ്തിട്ടുണ്ട്. ആയത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്

അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്

**എഫ്) വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും**

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരം തിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകളെ തരംതിരിച്ച് തീരുമാനമെടുത്ത് അവ പ്രസിദ്ധികരിക്കേണ്ടതാണ്. തീരുമാനമെടുക്കുമ്പോൾ റോഡുകളുടെ പട്ടിക കൂടി തയ്യാറാക്കേണ്ടതാണ്. നിലവിൽ മേഖല പുതുക്കി നിശ്ചയിക്കലും വഴി സൗകര്യം തരംതിരിക്കലും നടപ്പാക്കിയിട്ടില്ല.

**II. സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപ നികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%

2. ജല വിതരണം - 3%

3. തെരുവു വിളക്കുകൾ - 2%

4. ഡ്രൈനേജ് - 1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്.

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ച സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിലവിൽ സേവന ഉപനികുതി ചുമത്താത്ത ഗ്രാമപഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

മേൽ വിഷയങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. 22.03.2023 തീയതിയിലെ സ.ഉ.(കൈ)നം.77/2023/LSGD ഉത്തരവ് പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണനടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

2. സേവനം നൽകുന്ന മേഖലകളിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-17 വസ്തു നികുതി - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ**

വസ്തു നികുതി ഡാറ്റയുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

**1-17-1 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തി**

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,

ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടത്തിന് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നം. | 12/409 |
| ഫയൽ നമ്പർ | എ2-2285/2022 Dt 16/03/2022 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | മുഹമ്മദ്അലി ടി ടി & മുഹമ്മദ് ഷഫീക്ക് ബി കുറിശ്ശാംകുളം, കല്ലേക്കാട് |
| വിസ്തീർണ്ണം | താഴത്തെ നില – 138.27ച. മീ<br>ഒന്നാം നില – 14.62 ച. മീ<br>152.89ച. മീ (ഷോപ്പ്) |
| നിലവിലെ നികുതി നിർണ്ണയം | 152.89* 40 = 6115.6<br>വർദ്ധനവ് - വഴി സൗകര്യം<br>(20%) - 1223.12<br>ഇളവ് - ഇല്ല<br>BT- = 7339/-<br>LC- =367 /-<br>Total- 7706/- |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 152.89 * 60 = 9173.4<br>വർദ്ധനവ് - വഴി സൗകര്യം<br>(20%) - 1834.68<br>ഇളവ്- ഇല്ല<br>BT- 11,008/-<br>LC- = 550/-<br>Total- 11558/- |
| വ്യത്യാസം (11558-7706)<br>പ്രാബല്യം(2022 1 St Half മുതൽ) | = 3852/- രൂ |

മേൽ കെട്ടിടത്തിന് വസ്തുനികുതി കുറവായി ഈടാക്കിയതിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 33/13-12-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതിയിനത്തിൽ ഈടാക്കാനുള്ള 3852/- രൂപ ഈടാക്കേണ്ടതും സഞ്ചയ ഡാറ്റാ ബേസിൽ പ്രസ്തുത കെട്ടിടത്തിനെ യഥാർത്ഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതുമാണ്.

**1-17-2 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല**

സഞ്ചയ ഡാറ്റ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 27 കെട്ടിടങ്ങളാണ് ഉള്ളത്. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 37കെട്ടിടങ്ങൾക്ക് യു.എ നമ്പർ നല്കിയിട്ടുണ്ട് . ആയതിൽ 3 കെട്ടിടങ്ങൾ ക്രമവത്കരിച്ചിട്ടുണ്ട്. അൺ ഓതറൈസ്ഡ് ബിൽഡിംഗ് രജിസ്റ്ററിൽ ചട്ടലംഘനത്തിന്റെ വിവരങ്ങൾ, വില്ലേജിന്റെ പേര്, സർവ്വെ നമ്പറുകൾ, കെട്ടിടത്തിന്റെ വിസ്തീർണ്ണം(എല്ലാ കെട്ടിടങ്ങളുടെയും) എന്നിവ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയ നിയമാനുസൃതമല്ലാത്ത മിക്ക കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|
| 1 | UA 1 - 5/2016 | വിജയകുമാരി മുതൽ പേർ, പ്രതീക്ഷ നഗർ, പിരായിരി | പാർപ്പിടം | Rc വീട് വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല |
| 2 | UA 4- 3/2016 | അബ്ദുൾ റസാഖ്.എച്ച്, കൊട്ടിൽ വളപ്പിൽ, പാരക്കളം കല്ലേക്കാട് | പാർപ്പിടം | 91.27 M2 |
| 3 | UA -6 3/2017 | സുബൈറത്ത് എ.എം ബാബു മൻസിൽ, പറക്കോട്, കല്ലേക്കാട് | പാർപ്പിടം | 56.37 M2 |
| 4 | UA 7-3/2017 | സുബൈറത്ത് എ.എം ബാബു മൻസിൽ, പറക്കോട്, കല്ലേക്കാട് | പാർപ്പിടം | 56.37 M2 |
| 5 | UA 8-3/2017 | സുബൈറത്ത് എ.എം ബാബു മൻസിൽ, പറക്കോട്, കല്ലേക്കാട് | പാർപ്പിടം | 56.37 M2 |
| 6 | UA 9-3/2017 | സുബൈറത്ത് എ.എം ബാബു മൻസിൽ, പറക്കോട്, കല്ലേക്കാട് | പാർപ്പിടം | 56.37 M2 |
| 7 | UA 10-3/2017 | സുബൈറത്ത് എ.എം ബാബു മൻസിൽ, പറക്കോട്, കല്ലേക്കാട് | പാർപ്പിടം | 56.37 M2 |

| | | | | |
|---|---|---|---|---|
| 8 | UA 11-3/2017 | സുബൈറത്ത് എ.എം ബാബു മൻസിൽ, പറക്കോട്, കല്ലേക്കാട് | പാർപ്പിടം | 56.37 M2 |
| 9 | UA 12-3/2017 | സുബൈറത്ത് എ.എം ബാബു മൻസിൽ, പറക്കോട്, കല്ലേക്കാട് | പാർപ്പിടം | 56.37 M2 |
| 9 | 15/17-UA | സറീന .എം എച്ച്, സുഹറ മൻസിൽ, കൊടുന്തിരപ്പുള്ളി | പാർപ്പിടം | 56.40 M2 |
| 10 | 15/18-UA | സറീന.എം എച്ച് സുഹറ മൻസിൽ, കൊടുന്തിരപ്പുള്ളി | പാർപ്പിടം | 56.40 M2 |
| 11 | 15/19-UA | സറീന.എം എച്ച് സുഹറ മൻസിൽ, കൊടുന്തിരപ്പുള്ളി | പാർപ്പിടം | 56.40 M2 |
| 12 | 15/20-UA | സറീന.എം എച്ച് സുഹറ മൻസിൽ, കൊടുന്തിരപ്പുള്ളി | പാർപ്പിടം | 56.40 M2 |
| 13 | 5/24-UA | റഹ്മത്ത് (വിലാസം രേഖപ്പെടുത്തിയിട്ടില്ല) | പാർപ്പിടം | 73.53 M2 |
| 14 | 6/25-UA | ഷീനാജ് റഹ്മാൻ പി.എം പ്രതീക്ഷ നഗർ, പിരായിരി | പാർപ്പിടം | 84.5 M2 |
| 15 | 6/26-UA | ഷീനാജ് റഹ്മാൻ പി.എം പ്രതീക്ഷ നഗർ, പിരായിരി | പാർപ്പിടം | 100.5 M2 |
| 16 | 6/27-UA | ഷീനാജ് റഹ്മാൻ പി.എം പ്രതീക്ഷ നഗർ, പിരായിരി | പാർപ്പിടം | 100.5 M2 |
| 17 | 6/28-UA | ഷീനാജ് റഹ്മാൻ പി.എം പ്രതീക്ഷ നഗർ, | പാർപ്പിടം | 84.5m2 |

| | | | | |
|---|---|---|---|---|
| | | പിരായിരി | | |
| 18 | 6/29-UA | ഷീനാജ് റഹ്മാൻ പി.എം പ്രതീക്ഷ നഗർ, പിരായിരി | പാർപ്പിടം | 100.5 M2 |
| 19 | 6/30-UA | ഷീനാജ് റഹ്മാൻ പി.എം പ്രതീക്ഷ നഗർ, പിരായിരി | പാർപ്പിടം | 84.5 M2 |
| 20 | 16/33-UA | ലക്ഷമി (വിലാസം രേഖപ്പെടുത്തിയിട്ടില്ല) | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 21 | 4/34-UA | സെയ്ത്ത മുഹമ്മദ് അറഫ നഗർ, പേഴുംകര | പാർപ്പിടം | ,, |
| 22 | 19/35-UA | എം അബ്ദുൾ സലീം, നവക്കോട് ഹൗസ് | പാർപ്പിടം | 101.84 M2 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്.

മേൽ കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കാത്തതിനുള്ള കാരണവും യു.എ നമ്പർ അനുവദിച്ച ടി കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 33/13-12-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

യു.എ നമ്പർ അനുവദിച്ചതും നിലവിലുള്ളതുമായ മുഴുവൻ കെട്ടിടങ്ങളുടെയും വിവരം സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും നികുതി ഈടാക്കേണ്ടതുമാണ്.

31.07.2017 ന് മുൻപ് നടത്തികൊണ്ടിരുന്നതോ, പൂർത്തികരിച്ചതോ ആയ ഏതെങ്കിലും നിർമ്മാണം, വിപുലീകരണം അല്ലെങ്കിൽ പുനർനിർമ്മാണം സെക്രട്ടറിക്ക് ക്രമവത്ക്കരിക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ് (കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾ 2018 ).

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-3 സഞ്ചയ ഡാറ്റാബേസിലെ എം.എസ്.എം.ഇ കളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ 33 വ്യവസായങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന വിഭാഗത്തിൽ കെട്ടിടങ്ങളൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം

33/13-12-2023)

MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സഞ്ചയയിൽ യഥാർഥ ഉപയോഗക്രമത്തിലുൾപ്പെടുത്തി അവയ്ക്ക് ബാധകമായ വസ്തുനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

**1-18 ആംബുലൻസിന് ഫ്രീസർ വാങ്ങൽ**

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ പി എച്ച് സി

പ്രോജക്ട് -195 /23 ആംബുലൻസിന് ഫ്രീസർ വാങ്ങൽ

അടങ്കൽ -100000

ചെലവ്-99120 തനത് ഫണ്ട്

ചെക്ക് നം.-5313906/7.10.22

മെഡിക്കൽ ഓഫീസറുടെ കീഴിലുള്ള ആംബുലൻസിന് ഫ്രീസർ വാങ്ങുന്നതിനായി മേൽ പ്രോജക്ടിലൂടെ തനത്ഫണ്ട് 99120 രൂപ വിനിയോഗിച്ച് ചന്ദ്രദാസ് എഞ്ചിനീയേർസ് പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ഡെഡ്ബോഡി-ഫ്രീസർ വാങ്ങിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ തുകയുള്ള കൊട്ടേഷൻ 8.4.22 ലെ 7(1) ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. 4 സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷൻ സംബന്ധിച്ച താരതമ്യ പത്രിക ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ ക്വട്ടേഷൻ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയത് സംബന്ധിച്ച രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.മേൽ അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/12.12.23) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

**1-19 കാർഷിക മേഖലയിൽ നാമമാത്ര പ്രോജക്ടുകൾ മാത്രം**

2022-23 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന 3 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 182/23 കൃഷിഭവൻ ദൈനംദിന ചെലവുകൾ | 100000 | 60136 |
| 2 | 179/23 നെൽവിത്ത് വിതരണം | 960226 | 960226 |
| 3 | 178/23 സമൃദ്ധി-സമഗ്ര നെൽകൃഷിവികസനം | 4150000 | 3603250 |

കൃഷിഭവന്റെ ദൈനംദിന ചെലവുകൾക്കുള്ള പ്രോജക്ടിന് പുറമേ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നെൽകൃഷി വികസനം ലക്ഷ്യമാക്കിയുള്ള രണ്ട് പ്രോജക്ടുകൾ മാത്രമാണ് നിർവഹിച്ചിട്ടുള്ളത്. 28.5.2022 തിയതിയിലെ സർക്കാർ ഉത്തരവ്(കൈ)115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗരേഖ പ്രകാരം സ്ഥിരം നെൽകൃഷിക്ക് ധനസഹായമായി ചെറുകിട നാമമാത്ര കർഷകർക്ക് ഒരു വിള-യ്ക്ക് ഹെക്ടറിന് 25000 രൂപ വരെ നൽകാവുന്നതാണെങ്കിലും നെൽകൃഷിവികസനം പ്രോജക്ടിൽ ഉൾപ്പെടുത്തി 16600 രൂപ ഹെക്ടറിന് വിഭാവനം ചെയ്ത് നടപ്പിലാക്കിയ പ്രോജക്ടിൽ 14413 രൂപ മാത്രമേ ധനസഹായമായി നൽകിയിട്ടുള്ളൂ. കൂടാതെ നെൽവിത്ത് വിതരണം പ്രോജക്ടിലൂടെ മാർഗരേഖ പ്രകാരം 100% വരെ സബ്സിഡി നൽകാവുന്നതാണെങ്കിലും 70% സബ്സിഡി നിരക്കിലാണ് നെൽവിത്തുകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. നെൽകൃഷിക്ക് ഒഴികെ മറ്റ് കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. തരിശായി കിടക്കുന്ന

ഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണെങ്കിലും അത്തരത്തിലുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. കാർഷിക മേഖലയിൽ മതിയായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാതിരിക്കാനുള്ള സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/12.12.23) കൃഷി ഓഫീസർ മറുപടി നൽകിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 എബിസി പദ്ധതി -നിർവഹണം തെറ്റായി ചെലവ്പത്രികയിൽ ഉൾപ്പെടുത്തി

നിർവഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പ്രോജക്ട് -201/ 23 എബിസി പദ്ധതി

അടങ്കൽ -50000

ചെലവ് -50000 തനത്ഫണ്ട് ( സുലേഖ ചെലവ് പത്രിക പ്രകാരം)

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ എബിസി പദ്ധതിക്കായി 50000 രൂപ തനത്ഫണ്ടിൽ നിന്നും ചെലവ് ചെയ്തതായി സുലേഖ ചെലവ് പത്രികയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ /ഫയൽ ഓഡിറ്റിനായി ഹാജരാക്കാത്തതിനാൽ നിർഹണഉദ്യോഗസ്ഥന് ഫയൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.26/12.12.23) എബിസി പദ്ധതിക്കായി തുക നൽകുന്നതിന് ബിൽ തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ നൽകിയിരുന്നതാണ് എന്നും ഗ്രാമപഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല എന്ന മറുപടിയാണ് നിർവഹണോദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്. തുക ചെലവഴിക്കാതെ തന്നെ ചെലവ് പത്രികയിൽ തൻവർഷം ചെലവായതായി ചേർത്തിരിക്കുന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 ICDS കേന്ദ്ര ഫണ്ട് നിഷ്ക്രിയമായി തുടരുന്നു

സർക്കുലർ നമ്പർ 39033/ഡി.സി.2/10/ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്നും നിർദ്ദേശമുണ്ട്.

വാർഷിക കണക്കിലെ ബി-4 ഷെഡ്യൂൾ പ്രകാരം കേന്ദ്രഫണ്ടിനത്തിൽ **2,620,485-** തുക നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ആകെയുള്ള 41 അങ്കണവാടികളിൽ 17 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ചുറ്റമതിൽ ഇല്ലാത്ത 4 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ അങ്കണവാടികളിലും കുടിവെള്ള സൗകര്യം, ടോയിലറ്റ് സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന (28/12-12-23) മറുപടി ലഭ്യമാക്കിയതിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ അവശേഷിക്കുന്ന കേന്ദ്രഫണ്ട് ഉപയോഗിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്ക് പരിപാലനം അപാകതകൾ

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് പരിപാലനം പദ്ധതികളിലെ അപാകതകൾ അനുബന്ധ ഖണ്ഡികകളായി ചേർക്കുന്നു.

### 1-22-1 തെരുവുവിളക്ക് പരിപാലനം - തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും തെരുവുവിളക്കു സ്ഥാപിക്കൽ പ്രവൃത്തികൾക്കുമായി ചെലവഴിക്കേണ്ടി വരുന്നതിന്

സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ **2903481-രൂപ** കെ.എസ്.ഇ.ബി മേലാമുറി, പറളി എന്നീ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. 2023 മാർച്ച് മാസത്തെ കെ എസ് ഇ ബിയുടെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ മീറ്ററിംഗ് ഏർപ്പെടുത്തിയ തെരുവു വിളക്കുകൾക്ക് 86 കൺസ്യൂമർ നമ്പറുകളിലായി പ്രതിമാസം ശരാശരി **166796-**.രൂപ അടവാക്കുന്നുണ്ട്. മീറ്ററിന് കീഴിൽ അല്ലാത്ത തെരുവ് വിളക്കുകൾക്ക് പ്രതിമാസം **5121-** രൂപയും ഒടുക്കുന്നുണ്ട്.

കെ എസ് ഇ ബിയുടെ ഡിമാന്റ് നോട്ടീസ്സിൽ ഏതൊക്കെ തരം വിളക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ് നോട്ടീസ്സ് പ്രകാരമുള്ള തുകയാണ് അടവാക്കി വരുന്നത്.

ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ കണക്ക് കൃത്യമാക്കിയിട്ടില്ല. എല്ലാ വാർഡിലുമുള്ള തെരുവുവിളക്കുകളും മീറ്ററിംഗിന് കീഴിൽ കൊണ്ടുവന്നിട്ടുമില്ല. തെരുവു വിളക്ക് സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. കൃത്യമായ കണക്കിന്റെ അഭാവത്തിൽ കെ.എസ്.ഇ.ബി യുടെ ഡിമാന്റിന്റെ കൃത്യത ബോധ്യപ്പെടുന്നില്ല.
ഓഡിറ്റ് അന്വേഷണം നം. 8/07-12-23 ന് ലഭ്യമാക്കിയ മറുപടിയിൽ ആകെയുള്ള തെരുവ് വിളക്കുകളുടെ കണക്ക്, മീറ്ററിനു കീഴിലുള്ള വിളക്കുകളുടെ കണക്ക് എന്നിവ പരിശോധിക്കുവാനായി കെ എസ് ഇ ബിയുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-22-2 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് പ്രവൃത്തി- അക്രഡിറ്റഡ് ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മുഖേനയുള്ള നിർവ്വഹണം-അപാകതകൾ**

2022-23 സാമ്പത്തിക വർഷത്തിൽ നിർവ്വഹിച്ച തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണികൾക്കുള്ള പദ്ധതി താഴെ ചേർക്കുന്നു.

നിർവ്വഹണം – സെക്രട്ടറി

| | | |
|---|---|---|
| പ്രൊജക്ട് -252/23 | വിവിധ വാർഡുകളിലെ തെരുവ് വിളക്ക് റിപ്പയർ - എ എം സി നൽകൽ | വൗച്ചർ നം/തീയതി<br>22200910/25-01-23<br>22201109/31-03-23 |
| അടങ്കൽ- | 1,200000-<br>തനത് ഫണ്ട് | ഇൻവോയ്സ് നം-UEL/667/31-12-22, 896146-<br>ഇൻവോയ്സ് നം-UEL/1025/21-03-23, 302702- |
| ചെലവ് തുക | 1198848- | |

അപാകതകൾ ചുവടെ ചേർക്കുന്നു.

എ)സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. അഞ്ചു ലക്ഷത്തിൽ കൂടുതലായാൽ ഇ-ടെണ്ടർ ബാധകമാണ്. ഇ- ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തുവാൻ നിഷ്ക്കർഷിച്ചിട്ടില്ല. 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ബാധകമായ ലിമിറ്റഡ് ടെണ്ടറുകളിൽ ടെണ്ടറുകളുടെ എണ്ണം കുറഞ്ഞത് നാല്

എണ്ണം ആയി പരിമിതപ്പെടുത്താവുന്നതാണ്. മേൽ ഉത്തരവിന് വിരുദ്ധമായി 22-10-2022 തീയ്യതിയിലെ ടെണ്ടർ പരസ്യ നോട്ടീസ്സിൽ വിവിധ വാർഡുകളിലെ തെരുവു വിളക്കുകൾ അറ്റകുറ്റ പണികൾ (AMC) നടത്തുന്നതിനു ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള **സർക്കാർ** ഏജൻസികളിൽ നിന്നു മാത്രമാണ് താല്പര്യപത്രം ക്ഷണിച്ചിട്ടുള്ളത്. ഇതനുസരിച്ച് കുറവ് നിരക്ക് ക്വാട്ട് ചെയ്ത UEL, കൊല്ലം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും 21-11-22 ന് സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു.

സ.ഉ(പി)നം.104/2022/ഫിൻ തിയതി 2-09-2022 പ്രകാരം UEL എന്ന സ്ഥാപനത്തിന് ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സ്, ജനറൽ കൺസ്ട്രക്ഷൻ എന്നിവയിൽ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. അത്തരത്തിൽ അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ഏജൻസികൾക്ക് അക്രഡിറ്റേഷൻ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് അർഹതയുള്ളത്. പ്രസ്തുത സ്ഥാപനത്തിനു AMC നൽകുന്നതിനു അനുമതിയില്ലെന്നിരിക്കെ സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (15/11-12-23)നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം തെരുവ് വിളക്കുകളുടെ റിപ്പയർ പ്രവർത്തി ശരിയായ രീതിയിൽ നടത്തിയിട്ടുണ്ടെന്നും വരും വർഷങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ ക്ഷണിച്ച് മാത്രമെ റിപ്പയർ പ്രവത്തി നടത്തുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.
ഭാവിയിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, അക്രഡിറ്റേഷൻ മേഖലയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ എന്നിവക്കനുസൃതമായി മാത്രം അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി നിർവ്വഹണം ഏൽപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-22-3 നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ് തെരുവ് വിളക്ക് റിപ്പയർ പ്രവർത്തി നടത്തി

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ

| പ്രോജക്റ്റ് നം-5 | ഹൈമാസ്റ്റ് മിനി മാസ്റ്റ് റിപ്പയർ | ഇൻവോയ്സ് നം/ തിയ്യതി |
|---|---|---|
| അടങ്കൽ | 495000 | RT-2022-23-3/ 1-1-22 |
| ചെലവ് | 484079 | RT-2022-23-5/ 1-6-22 |
| ഫണ്ടിനം | റോഡിതരം | RT-2022-23-4/ 1-6-22 |
| ബിൽ നം, തീയ്യതി | 7/8-07-22, 115343 | RT-2022-23-2/ 1-06-22<br>RT-2022-23-8/20-8-22 |
| | 29/25-02-23, 68260 | RT-2022-23-9/20-08-22 |
| | 11/11-10-22, 94119 | RT-2022-23-10/20-08-22 |
| | 12/11-10-22, 173561 | RT-2022-23-17/17-11-22 |
| | 22/13-12-23, | RT-2022-23-18/17-12-22 |

| | | |
|---|---|---|
| | 32796 | |
| | | RT-2022-23-20/29-12-22 |
| | | RT-2022-23-30/16-03-23 |

പഞ്ചായത്ത് പരിധിയിലെ വിവിധ വാർഡുകളിലുള്ള ഹൈമാസ്റ്റ് മിനി മാസ്റ്റ് തെരുവ് വിളക്കുകളിൽ റിപ്പയർ നടത്തുന്നതിന ടെണ്ടർ വിളിക്കുകയും മൂന്ന് ടെണ്ടറുകൾ ലഭിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ' Rithu Agencies' കടമ്പഴിപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും റിപ്പയർ വർക്ക് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1) G.O.(Ms) No-118/2022/LSGD , തീയ്യതി 04-06-2022 ക്രമ നമ്പർ 6 പ്രകാരം നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ് തെരുവ് വിളക്ക് റിപ്പയർ പ്രവർത്തി നടത്തുവാൻ സാധിക്കുകയില്ല. മേൽ ഉത്തരവിന വിരുദ്ധമായി റോഡിതരം ഫണ്ട് ഉപയോഗിച്ച് തെരുവ് വിളക്ക് റിപ്പയർ പ്രവർത്തി നടത്തിയതായി ബോദ്ധ്യപ്പെട്ടു.

2) മേൽ പദ്ധതി പൂർത്തീകരിച്ചു എന്ന് കെ എസ് ഇ ബിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3) 12 ഹൈമാസ്റ്റ് തെരുവ് വിളക്ക് സ്ഥാപിച്ച വർഷം ലഭ്യമാക്കിയിട്ടില്ല

4) സ.ഉ (അച്ചടി) നം- 27/2017/ധന , തീയ്യതി 26-02-2017 ക്രമ നം.6 ൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ലൈറ്റുകൾ സ്ഥാപിക്കുന്നതിനോടൊപ്പം 3 വർഷത്തെ Replacement Warranty, തുടർന്നുള്ള മൂന്ന് വർഷത്തെയ്ക്ക് 'AMC ക്കുള്ള വ്യവസ്ഥകൾ കൂടി ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണ്. AMC കാലാവധിക്കു ശേഷം മാത്രമാണ് പഞ്ചായത്തിന അറ്റകുറ്റപണികൾ നടത്താവുന്നത്. ഇപ്രകാരം പരിശോധന നടത്തിയിട്ടുണ്ടോയെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന (15/11-12-23 )മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
04.06.22 ൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.118/22/എൽ.എസ്.ജി.ഡി നിർദേശപ്രകാരം തെരുവു വിളക്കുകളുടെ പരിപാലനം, ഗ്രാമ പഞ്ചായത്തിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തുന്ന ചെലവുകൾ എന്നിവ നെഗറ്റീവ് ലിസ്റ്റിലുൾപ്പെട്ട ഇനങ്ങളാണ്. വരും വർഷങ്ങളിൽ തെരുവ് വിളക്ക് റിപ്പയറിന നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കില്ലായെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

നെഗറ്റിവ് ലിസ്റ്റിറ്റിലുൾപ്പെട്ട ഇനങ്ങളിലെ ചെലവുകൾക്ക് റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കരുതെന്ന സർക്കാർ നിർദേശം കർശ്ശനമായും പാലിക്കേണ്ടതാണ്.

## 1-23 സപ്ലെയറിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ

സപ്ലെയറിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിലെ വാങ്ങലുകൾക്ക്, സ്രോതസ്സിൽനിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെചേർക്കുന്നു

| പ്രോജക്ട് | 165/23 ,എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | 168/23 പി.വി.സി വാട്ടർ ടാങ്ക് - എസ്.സി |
|---|---|---|
| അടങ്കൽ | 500000-രൂപ | 1201000 – രൂപ |
| ചെലവ് | 348242-രൂപ | 433260- രൂപ |

| | | |
|---|---|---|
| ബിൽ നം.തീയതി | 06/23 തീ. 28.03.2023 | 4/28-03-23, 130500-<br>5/28-03-23, 130500-<br>7/28-03-23, 172260- |
| സപ്ലെയർ | ARTCO , മലപ്പുറം | VICTORIAPOLYFORM, തൃശ്ശൂർ |
| ഇൻവോയ്സ് നം. | MPM 341/18-03-2023 | VP/B/2223/1735, 27-03-23<br>VP/B/2223/1716, 27-03-23<br>VP/B/2223/1737, 28-03-23 |

നിയമാനുസൃത നികുതികൾ സ്രോതസിൽനിന്നും കുറവ് ചെയ്യാതെ തുക നൽകിയതിന് ഓഡിറ്റ് അന്വേഷണത്തിനു (4/06-12-23) ലഭ്യമാക്കിയ മറുപടിയിൽ അപാകതയുടെ വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനത്തിനെ അറിയിച്ചിട്ടുണ്ടെന്നും കുറവ് ചെയ്യാതെ നികുതി തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**1-24 പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണത്തിനനുസരിച്ച് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്.**

2022-23 സാമ്പത്തിക വർഷത്തിൽ 114 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ 15,15,006-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയാണ് അടവാക്കിവരുന്നത്. സ.ഉ(സാ)1275/2009/ത.സ്വ.ഭ.വ. തിയ്യതി 30-05-2009 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനം ജല അതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. സംയുക്ത പരിശോധന സംബന്ധിച്ച നിലവിലെ സ്ഥിതി വിവരവും വെള്ളക്കരം യഥാസമയം ഒടുക്കാത്തത് സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (14/08-12-23) നൽകിയതിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തുന്നതിനു 24/05/*23, 03* /07 /23 എന്നീ തീയ്യതികളിൽ കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി പ്രവർത്തന രഹിതമായ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-25 കുടിവെള്ള പദ്ധതി നടത്തിപ്പ് അപാകതകൾ**

പിരായിരി ഗ്രാമപഞ്ചായത്ത് സ്വന്തമായി പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയാണ് പൂട്ടൂർ കുടിവെള്ള പദ്ധതി.

മേൽ കുടിവെള്ളപദ്ധതിയുടെ കറണ്ട് ചാർജ്, പമ്പ് ഓപ്പറേറ്റർ വേതനം, മെയിന്റനൻസ് ചെലവ് എന്നീയിനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2022-23 വർഷത്തിൽ ചെലവഴിച്ച തുക |
|---|---|
| വൈദ്യുതി ചാർജ്ജ് | 210609 |
| റിപ്പയർ ചാർജ്ജ് | 542232 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 236520 |
| **ആകെ** | **989361** |

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള അപാകതകൾ താഴെചേർക്കുന്നു.

1) ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള പദ്ധതിയിലുള്ള ഗാർഹിക കണക്ഷനുകളുടെയും വാണിജ്യ കണക്ഷനുകളുടെയും എണ്ണം വ്യക്തമാകുന്ന രീതിയിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുള്ള ഓരോ ഗുണഭോക്താക്കളുടെയും വിവരങ്ങൾ രേഖപ്പെടുത്തി, അടവാക്കിയ തുകയുടെയും കുടിശ്ശികയുടെ വിവരവും രേഖപ്പെടുത്തി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ പൂട്ടൂർ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും തൻ വർഷത്തിൽ കുടിവെള്ളക്കരമിനത്തിൽ വരവൊന്നും ലഭിച്ചിട്ടില്ല.

2) സർക്കാർ ഉത്തരവ് (സാധാ) 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും മേൽ കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല.

കുടിവെള്ളക്കരം ഗുണഭോക്താക്കളിൽ നിന്നും പിരിക്കാത്തതിനു കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 2/07-12-2023) മറുപടി ലഭ്യമാക്കിയതിൽ കുടിവെള്ള കണക്ഷനുകളുടെ കൃത്യമായ കണക്ക് സമർപ്പിക്കുന്നതിനു പമ്പ് ഓപ്പറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയതനുസരിച്ച് ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതികൾ പിരിക്കാതിരുന്നാൽ പഞ്ചായത്തിന്റെ തനത് ഫണ്ടിനെ സാരമായി ബാധിക്കും . വരവ് പിരിക്കാതെ പദ്ധതി നടത്തിക്കൊണ്ടു പോകുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും വെള്ളക്കരം പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1) കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2) കുടിവെള്ള പദ്ധതിക്കുകീഴിലുള്ള ഗുണഭോക്താക്കളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ശരിയായ ഡിമാന്റ് കണ്ടെത്തേണ്ടതുമാണ്.

3) യഥാർത്ഥ കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-26 കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക അടവാക്കി - തുടർനടപടി വിവരം ലഭ്യമല്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ | 226/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിംഗിന് ധനസഹായം |
| അടങ്കൽ | 150000 (Cfc) |
| ചെലവ് തുക | 150000 |
| ബിൽ നം/തീയ്യതി | XV/FC/2022-23/P/86, 29-03-23 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |
| കേരള സാമൂഹ്യ സുരക്ഷാ മിഷൻ | A/c No-701011400000134 |

സ.ഉ(കൈ)നം.115/2022 തസ്വഭവ/28.05.22 ഖ (7.1.2) ബി -പ്രകാരം കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ഒരു കുട്ടിക്ക് പരമാവധി 50000/-രൂപ അനുവദിക്കാവുന്നതാണ്. സ.ഉ(സാധാ)നം.426/2019/ തസ്വഭവ/26-02-2019 ഉത്തരവ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന് 150000/-രൂപ കൈമാറിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച (23/02/2023, 4(3)ാം നമ്പർ തീരുമാനം ) പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിംഗിനുള്ള ചെലവ് തുകയാണിത്.

| ഗുണഭോക്താവിന്റെ പേര് | വിലാസം |
|---|---|
| യദു കൃഷ്ണ പി. എസ് | S/o സുമേഷ് . എ, പ്രവണം |
| ശ്രീരാഗ് . എസ് | S/o ശിവൻ, ഇരുപ്പക്കാട് |
| ദർഷിൻ. ഇ എസ് | S/o സജീഷ്. എൻ |

പദ്ധതിയുടെ തുടർ നടപടി വിവരങ്ങൾ, സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന നിർമ്മാണ പദ്ധതി -രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട്-

I. 111/23 ലൈഫ് ഭവനപദ്ധതി ജനറൽ

അടങ്കൽ-4,20,00000

ചെലവ്-1,37,00000

II. 125/23 ലൈഫ് ഭവനപദ്ധതി എസ് സി

അടങ്കൽ-2,37,03094

ചെലവ്-62,87094

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഓഡിറ്റ് വർഷത്തിൽ നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതികളുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുമായി കൃത്യമായി കരാറിലേർപ്പെട്ടിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നും 200 രൂപയുടെ സ്റ്റാമ്പ് പേപ്പർ ലഭ്യമാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കുകയോ കരാറിൽ നിർവഹണ ഉദ്യോഗസ്ഥനോ ഗുണഭോക്താക്കളോ ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല.

2. ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ പൂർത്തീകരിച്ചത് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഭവന നിർമ്മാണത്തിനായി വിവിധ ഗഡുക്കളായി ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ പണി പൂർത്തീകരിച്ച് മുഴുവൻ തുക അനുവദിച്ച ഗുണഭോക്താക്കളുടെ ഭവന നിർമാണത്തെ സംബന്ധിച്ച സ്റ്റേജ് സർട്ടിഫിക്കറ്റ് ഭൂരിപക്ഷം ഫയലിലും സൂക്ഷിച്ചിട്ടില്ല.
3. ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങൾ പൂർത്തീകരിക്കുന്ന ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

1. ലത ശശികുമാർ, വാർഡ് 8, രജിസ്റ്റർ ക്രമനമ്പർ-429

2.ഷെറിൻ ഷമീർ ,വാർഡ് 21,രജിസ്റ്റർ ക്രമ നമ്പർ-430

3. ഷീന കെ പ്രദീപ്, വാർഡ് 20, രജിസ്റ്റർ ക്രമ നമ്പർ-438

4. അഫ്സത്ത് സിദ്ദീഖ്,വാർഡ് 9 രജിസ്റ്റർ ക്രമനമ്പർ-443

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.16/11.12.23) എഗ്രിമെന്റ് ടൈപ്പ് ചെയ്യാൻ വിട്ടുപോയതാണ്, ഉടനെ തന്നെ ടൈപ്പ് ചെയ്തു ഒപ്പ് വാങ്ങി സൂക്ഷിക്കാം എന്നും (ക്രമ നം.1 അപാകതക്ക്), സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഫോട്ടോകൾ എന്നിവ ഇല്ലാത്ത ഫയലുകളിൽ ആയവ ഉൾപ്പെടുത്തി സൂക്ഷിക്കാമെന്നും ( ക്രമ നം. 2, 3 അപാകതകൾക്ക്) നിർവഹണോദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. പൊതുപണം ചെലവഴിച്ച് നടപ്പിലാക്കുന്ന പദ്ധതി ഫയലുകൾ നിയമാനുസൃതം ആവശ്യമായ മുഴുവൻ രേഖകളും ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-28 ലൈഫ് ഭവന നിർമ്മാണ പദ്ധതി-ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി ആകെ 607 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുള്ളതിൽ 451 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കുകയും എന്നാൽ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിർമ്മാണം ആരംഭിച്ച വർഷം | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | കനകം ,വാർഡ് 7 | 2018-19 | 200000 | 18.12.19 |
| 2 | റജബുന്നീസ വാർഡ് 9 | 2018-19 | 200000 | 4.9.23 |
| 3 | സാഹിറ നൗഷാദ് വാർഡ് 20 | 2019-20 | 300000 | 23.10.21 |
| 4 | ചിത്രാ മുരളീധരൻ വാർഡ് 14 | 2019-20 | 200000 | 2.3.20 |
| 5 | സെലീന അബ്ദുൽ സലീം വാർഡ് 11 | 2019-20 | 260000 | 23.9.21 |
| 6 | ആസിയ ബഷീർ വാർഡ് 9 | 2019-20 | 40000 | 31.8.19 |
| 7 | കദീജ കുഞ്ഞുമൊയ്തീൻ വാർഡ് 20 | 2019-20 | 200000 | 10.3.20 |
| 8 | റിൻസിയ അൻസാർ വാർഡ് 15 | 2019-20 | 200000 | 14.5.21 |
| 9 | സജിന അബ്ബാസ് വാർഡ് 6 | 2019-20 | 200000 | 14.5.21 |
| 10 | കൗലത്ത് വാർഡ് 15 | 2019-20 | 340000 | 15.9.23 |
| 11 | സീനത്ത് വാർഡ് 20 | 2019-20 | 200000 | തിയതി രേഖപ്പെടുത്തിയില്ല |
| 12 | സീനത്ത് വാർഡ് 5 | 2020-21 | 40000 | 15.10.20 |
| 13 | രാധാകൃഷ്ണൻ വാർഡ് 14 | 2020-21 | 200000 | 16.7.21 |
| 14 | ജമീല ഖാലിദ് വാർഡ് 6 | 2020-21 | 200000 | 16.7.21 |
| 15 | പ്രസന്ന മനോജ് വാർഡ് 11 | 2019-20 | 200000 | 17.2.20 |
| 16 | രാജകുമാരി വാർഡ് 5 | 2019-20 | 200000 | 9.2.23 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/11.12.23) പൂർത്തീകരിക്കാൻ ഉള്ളവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ

ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-29 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാകേണ്ടതാണ്**

15.07.2017ലെ സ.ഉ(സാധാ)നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും 02.08.2020 ലെ സ.ഉ(സാധാ) നം.1496/2020/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

**1) ഹരിതകർമ്മസേനയുടെ രൂപീകരണം**

ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചത് ജനവരി 2021മുതൽക്കാണ്. നിലവിൽ 34 പേരാണ് അംഗങ്ങളായുള്ളത്.

**2) ബൈലോ**

പഞ്ചായത്ത് ഡയറക്ടറുടെ LSGD/PD/18692/2023-AR3/KD തിയതി 24-04-23 പ്രകാരം ഹരിതകർമ്മസേനയുടെ ബൈലോ അംഗീകരിച്ചിട്ടുണ്ട്.

**3) യൂസർഫീ ഈടാക്കൽ**

21 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സഞ്ചയയിലെ വിവരങ്ങൾ പ്രകാരം 15284 വീടുകളും 800 ഓളം കടമുറികളുമുണ്ട്. നിലവിൽ യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടകളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത്. വേതനം, ഹരിതകർമ്മസേനയുടെ മറ്റ ചെലവുകൾ എന്നിവയ്ക്കായാണ് ഇത് ഉപയോഗിക്കുന്നത്.

ആദ്യ കാലത്ത് യൂസർ ഫീ ഇനത്തിലുള്ള വരവ് കുറവായിരുന്നുവെന്നും സ്മാർട്ട് ഗാർബേജ്ജ് മോണിറ്ററിങ്ങ് സിസ്റ്റം 23-24 നടപ്പിൽ വരുന്നതോടു കൂടി വരവ് വർദ്ധിക്കുമെന്നും അസി. സെക്രട്ടറി അറിയിച്ചു.

**4) എം.സിഎഫ് , മിനി എം.സി.എഫ്**

ഹരിതകർമസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം 14ാം വാർഡിലുള്ള പഞ്ചായത്തിന്റെ കല്ല്യാണമണ്ഡപത്തിലുള്ള കെട്ടിടത്തിലാണ് താല്ക്കാലികമായി സൂക്ഷിക്കുന്നത്. 21 വാർഡുകളിലും മിനി എം സി എഫ് സ്ഥാപിച്ചിട്ടുണ്ട്.

**5) ഹരിത കർമ്മ സേനയ്ക്ക് സ്വന്തമായി വാഹനമില്ല**

ഹരിതകർമ്മസേനയുടെ ആവശ്യത്തിനായി നിലവിൽ വാഹനം വാടകയ്ക്ക് എടുക്കുന്നുണ്ട്. വിവിധ വാർഡുകളിൽ നിന്നും മാലിന്യങ്ങൾ എം സി എഫിലേക്ക് എത്തിക്കുന്നതിനുള്ള വാഹന വാടക യൂസ്സർ ഫീയിൽ നിന്നാണ് നൽകിയിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മാസം | വാഹന വാടക |
|---|---|
| 08/22 | 10800 |
| 09/22 | 29400 |
| 10/22 | 18600 |
| 12/22 | 26996 |
| 03/23 | 47100 |
| ആകെ | 132896 |

**6) മാലിന്യം നീക്കം ചെയ്യൽ**

എ) ലെഗസി മാലിന്യങ്ങൾ

പുനചംക്രമണ സാധ്യതയില്ലാത്ത മാലിന്യങ്ങൾ സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോയി സംസ്കരിക്കുന്നതിനായി ത്രാഷ് ഗോള്ഡ് , എലപ്പുള്ളി കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. തൻവർഷം ത്രാഷ് ഗോള്ഡിന് റിജക്റ്റഡ് മാലിന്യം നൽകിയിട്ടുണ്ട്. റിജക്ടഡ് മാലിന്യം കൈയ്യൊഴിയുന്നതിന് പഞ്ചായത്ത് 860598- ലക്ഷം രൂപ തൻവർഷത്തിൽ വിനിയോഗിക്കേണ്ടി വന്നിട്ടുണ്ട്.

| പ്രൊജക്ട് നം- | പ്രൊജക്ട് പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 80/23 | മാലിന്യങ്ങൾ നീക്കം ചെയ്യൽ | 500000( Cfc)<br>500000(own Fund0 | 459000-<br>401598- |
| | ആകെ | 1000000 | 860598 |

**7) പുനചംക്രമണ സാധ്യതയുള്ള പ്ലാസ്റ്റിക്കിന്റെ വിൽപന**

തൻ വർഷത്തിൽ പ്ലാസ്റ്റിക്ക് വിൽപ്പന നടത്തിയ വകയിൽ ഹരിതകർമ്മസേനയ്ക്ക് ലഭ്യമായ വരവ് താഴെ കൊടുക്കുന്നു. 21824 കി.ഗ്രാം. പ്ലാസ്റ്റിക്ക് വിൽപ്പന നടത്തിയിട്ടുണ്ട്.

| തീയ്യതി | രസീതി നം. | തുക |
|---|---|---|
| 01-06-22 | Neft മുഖേന | 16813 |
| 16-07-22 | ,, | 15704 |
| 19-08-22 | ,, | 12716 |
| 03-09-22 | ,, | 11867 |
| 27-09-22 | ,, | 12186 |
| 26-12-22 | ,, | 34947 |
| | ആകെ | 104233 |

**8) 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പ്**

മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പ് 23-24 വർഷത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

**9) ഹരിതകർമ്മസേനയുടെ കൺസോർഷ്യ അക്കൗണ്ടിലെ നീക്കിയിരിപ്പ്**

അക്കൌണ്ട് നം. 40396101049363

ബാങ്കിന്റെ പേര് - കേരള ഗ്രാമീൺ ബാങ്ക് , കൊടുന്തരപ്പുള്ളി

4-12.2023 ലെ നീക്കിയിരുപ്പ് - 5,91952രൂപ.

**10) ക്യാരി ബാഗുകളുടെ ഉപയോഗത്തിന്മേലുള്ള വ്യവസ്ഥകൾ**

ബൈലോയിലെ വ്യവസ്ഥ 4(2) ൽ 50 മൈക്രോണിൽ താഴെ കനമുള്ള മറ്റ് പ്ലാസ്റ്റിക് കവറുകൾ, ഷീറ്റുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, വിതരണം, വിൽപ്പന, ഉപയോഗം എന്നിവ നിരോധിച്ചിട്ടുണ്ട്. 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(1) ൽ 2021 ൽ വരുത്തിയ ഭേദഗതികൾ പ്രകാരം (ജി.എസ്.ആർ 571 (ഇ) തീയതി: 12.08.2021) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ കനം 30.09.2021 മുതൽ 75 മൈക്രോണിലും 31.12.2022 മുതൽ 120 മൈക്രോണിലും കുറയാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ബൈലോ പുതുക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

1. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

2. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ

ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.

3. മൂന്ന് തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.

5. 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6. 'ഹരിത കർമ്മ സേനയ്ക്ക് സ്ഥിരമായ വാഹനം വാങ്ങുവാൻ നടപടികൾ സ്വീകരികേണ്ടതാണ്

7. മാലിന്യ സംസ്കരണ മേഖലയിൽ വി.ഇ.ഓ/മറ്റ് ഉദ്യോഗസ്ഥന്മാർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

8. ഹരിത കർമ്മസേനയ്ക്ക് സ്ഥിരമായ എം സി എഫ് കെട്ടിടം കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. ബൈലോയിലെ പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ കനം സംബന്ധിച്ച വ്യവസ്ഥ പുതുക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-30 മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ നിരക്ക് നൽകിയിട്ടില്ല.**

| | | |
|---|---|---|
| പ്രൊജക്റ്റ് നം | 92/23 | |
| പ്രൊജക്റ്റിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ജനറൽ | |
| അടങ്കൽ | 1500000 ( വികസനഫണ്ട് ജനറൽ -1100000 + ബ്ളോക്ക്പഞ്ചായത്ത് ഷെയർ-300000 + ജില്ലാപഞ്ചായത്ത് ഷെയർ- 100000) | |
| ചെലവ് | 1495000 ( വികസനഫണ്ട് ജനറൽ- 1095000 +ബ്ളോക്ക്പഞ്ചായത്ത് ഷെയർ- 400000 ) | |
| ബിൽ നം, തീയതി | 8/28-12-22, 300000 | 20/14-03-23, 92000 |
| | 9/12-01-23, 300000 | 21/14-03-23, 296250 |
| | 13/27-01-23, 81500 | 24/27-03-23,21000 |
| | 14/28-01-23, 28500 | 25/27-03-23, 30750 |
| | 15/28-01-23, 115000 | 16/22-02-23, 9000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡിഎസ് സൂപ്പർവൈസർ | |

മേൽ പദ്ധതി പ്രകാരം 2022 - 23 സാമ്പത്തിക വർഷത്തിൽ ആകെ 83 ഭിന്നശേഷി വിദ്യാർത്ഥികളിൽ

49 മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് പൂർണ്ണമായും നൽകിയിട്ടില്ല .

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ )നം 115/2022/ത.സ്വ.ഭ.വ തീയതി 28.05.22 പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, വസ്ത്രങ്ങൾക്കുള്ള വാർഷിക ബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28,500/- രൂപ വരെ നൽകാവുന്നതാണ്. എന്നാൽ മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിലാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്.

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്നൽകിയ നിരക്ക്

| വിദ്യാർത്ഥികളുടെ എണ്ണം | നൽകിയ തുക | അർഹമായ തുക |
|---|---|---|
| 49 | 25925 *49= 12,70325 | 49* 28500= 13,96500 |

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് പൂർണ്ണമായും നൽകാത്തതിനു നൽകിയ ഓഡിറ്റ് അന്വേഷണം 32/13-12-23 മറുപടി ലഭ്യമാക്കിയിട്ടില്ല. അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 വിവിധ ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, പറളി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകളുടെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 304,വാരിയംപറമ്പ് പൈപ്പ് ലൈൻ മെയ്റ്റനൽസ് | XVFC/2023/P/86 | 150000 |
| കേരള വാട്ടർ അതോറിറ്റി | 305,വാരിയം പറമ്പ് ആന്ത്രാംകുന്ന് മലമ്പുഴ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | XVFC/2023/P/82 | 100000 |
| കേരള വാട്ടർ അതോറിറ്റി | 306,ഉണ്ണിരാം കുന്ന് - വി കെ കോളണി മലമ്പുഴ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | XVFC/2023/P/84 | 100000 |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി | 175, വൈദ്യുതി പോസ്റ്റ് മാറ്റൽ | 42200884/29-03-23 | 19918 |

| | | | |
|---|---|---|---|
| ബോർഡ് പറളി | | | |

തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം (3/5-12-23) മറുപടിയിൽ കെ.എസ്.ഇ.ബിയിൽ നിന്നും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്.

**1-32 അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്**

അസി.എഞ്ചിനിയറുടെ പേരിൽ പാലക്കാട് സിവിൽ സ്റ്റേഷൻ ബ്രാഞ്ച് SBI ലുള്ള ബാങ്ക് അക്കൗണ്ടിൽ (നം.37365039166) 31.3.2023 ന് 17589/- രൂപ നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാത്തതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 11/8-12-23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുക തനത് ഫണ്ടിലേക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-33 മരാമത്ത് പ്രവൃത്തികൾ -പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 01-02-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്ത് തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

| **ക്രമ നം** | **പ്രവൃത്തിയുടെ വിവരം** | **239/23 – കുന്നംകുളങ്ങര റോഡ് ഇന്റർ ലോക്കിംഗ് (സ്പിൽ ഓവർ)–** |
|---|---|---|
| 1 | അടങ്കൽ – | 134000/- |

| | | |
|---|---|---|
| | | (ജനറൽ-തനത് ഫണ്ട് - 29651 മെയിന്റനൻസ് ഫണ്ട്-റോഡ്- 104349) |
| 2 | PAC- | 119457/- |
| 3 | കരാറുകാരൻ - | ശ്രീ.പീതാംബരൻ.ആർ |
| 4 | സാങ്കേതികാനുമതി | 105557/25.12.21 |
| 5 | എഗ്രിമെന്റ് നം.: | 52/18.1.22- 6 മാസം |
| 6 | ബിൽ നം. | 4/13.9.22- 104349/-<br>ചെക്ക് നം.XY-6448647/16.9.22<br>29442/- |
| 7 | എം.ബുക്ക് നം. | 1245/21-22 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 17.7.22 |
| 9 | പൂർത്തീകരിച്ച തീയ്യതി | 26.8.22 |
| 10 | ഈടാക്കേണ്ടത് (1%) | 1195/- |
| 11 | ഈടാക്കിയത് | 0 |
| 12 | കുറവ് | 1195/- |

മതിയായ പിഴ ഈടാക്കാതെ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/8.12.23) മറുപടി ലഭ്യമായിട്ടില്ല. പിഴ തുകയായ 1195/- രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നത് വരെ ആയത് പിഴ തുക ക്രമീകരിക്കാതെ ഫൈനൽ ബിൽ അനുവദിച്ച് നൽകിയ എഞ്ചിനീയറുടെ ബാധ്യതയായി ഓഡിറ്റിൽ നിശ്ചയിക്കുന്നു.

**1-34 മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം-ഫൈൻ ഈടാക്കിയില്ല**

പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2022-23 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെ ബിൽ അനുവദിച്ചതായി കണ്ടെത്തി. ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം കോൺട്രാക്ടറിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്.

| ക്രമ | പ്രവൃത്തിയുടെ വിവരം | 36/22-23- ചേങ്ങോട് |
|---|---|---|

| നം | | കുടിവെള്ള പദ്ധതി (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 195000/- ജനറൽ- സി.എഫ്.സി. |
| 2 | APAC- | 144490/- |
| 3 | കരാറുകാരൻ | ശ്രീ.ഫാസിൽ.എച്ച്. |
| 4 | എഗ്രിമെന്റ് നം.: | 17/12.5.22 |
| 5 | ബിൽ നം. | XVFC/22-23 /P/85/28.3.23 |
| 6 | എം.ബുക്ക് നം. | 147/22-23 |
| 7 | സെലക്ഷൻ നോട്ടീസ് നൽകിയത് | 21.4.22 |
| 8 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 5.5.2022 |
| 9 | എഗ്രിമെന്റ് വെച്ച തിയതി | 12.5.2022 |
| 10 | ഈടാക്കേണ്ടയിരുന്ന പിഴ (1%) | 1445/- |
| 11 | ഈടാക്കിയത് | 0 |
| 12 | ഈടാക്കേണ്ടത് | 1445/- |

പിഴ ഈടാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/8.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ തുകയായ 1445/- രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നത് വരെ ആയത്, പിഴ തുക ക്രമീകരിക്കാതെ ഫൈനൽ ബിൽ അനുവദിച്ച് നൽകിയ എഞ്ചിനീയറുടെ ബാധ്യതയായി ഓഡിറ്റിൽ നിശ്ചയിക്കുന്നു.

## 1-35 മരാമത്ത് പ്രവൃത്തികൾ- പൊതു അപാകതകൾ

### പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഫണ്ട് നഷ്ടം

ഓഡിറ്റ് വർഷം 113 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 63 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. 31845840 രൂപ വകയിരുത്തിയതിൽ 12195604 (38.29%) മാത്രമാണ് ചെലവായത്. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ 38 പ്രവൃത്തികളിൽ 15 പ്രവൃത്തികൾ മാത്രമാണ് നടപ്പിലായത്. 69,04,809 രൂപയാണ് ചെലവഴിക്കാതെ നഷ്ടമായത്. മെയിന്റനൻസ് ഫണ്ട്- നോൺ-റോഡ് ഇനത്തിൽ 3142180 രൂപ വകയിരുത്തിയതിൽ 298818 രൂപ (9.50%) മാത്രമാണ് ചെലവായത്. 2843362 രൂപയാണ് ചെലവഴിക്കാതെ നഷ്ടമായത്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ഫണ്ട് നഷ്ടമാകുന്നതിന് ഇടയാകുന്നു.

### മോണിറ്ററിംഗ് സംവിധാനം

ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 12.2(8) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പു വരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും **ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള** മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണെമെന്നും ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ മോണിറ്ററിംഗിനും വിധേയമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/7.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ടുകൾ അതാതു സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗിന് ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2022-23 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 3695 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 248 പദ്ധതികളിൽ 168 എണ്ണം നടപ്പാക്കി. ഇതിൽ 79 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തി ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| മണ്ണ്- ജല സംരക്ഷണം | 2 |
| ഭൂവികസനം | 33 |
| വ്യക്തിഗത ഗുണഭോക്താക്കളുടെ ഭൂമിയിൽ ജലസംരക്ഷണവും ഭൂവികസനം | 101 |
| ഭവന നിർമ്മാണം ഉൾപ്പെടെ മറ്റു പ്രവൃത്തികൾ വ്യക്തിഗത പ്രവൃത്തികൾ | 8 |
| റോഡ് നിർമ്മാണം | 5 |
| വരൾച്ച നിയന്ത്രണം | 11 |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം | 5 |
| മറ്റി പ്രവൃത്തികൾ | 3 |
| ആകെ | 168 |

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 04-12-23 മുതൽ 13-12-2023 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2022-23 | മുന്നിരിപ്പ് 648921 | | 0 | 648921 |
| | | 875000 | 178/23, സമൃദ്ധി സമഗ്ര നെൽകൃഷി വികസനം | 875000 | 0 |
| | | 364000 | 111/23 ,ലൈഫ് ഭവനം | 364000 | 0 |
| | | 874000 | 125/23,ലൈഫ് ഭവനം ( Scp) | 874000 | 0 |
| | | 300000 | 135/23ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| | | **275000** | **89/22 പാലിന് സബ്സിഡി** | **275000** | **0** |
| | ആകെ | **2688000** | | **2688000** | **648921** |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | മുന്നിരിപ്പ് 3682247 | | 0 | 3682247 |
| | | 703250 | 178/23 സമൃദ്ധി സമഗ്ര നെൽകൃഷി വികസനം | 703250 | 0 |
| | | 1264161 | 111/23 ലൈഫ് ഭവനം -ജനറൽ | 1264161 | 0 |
| | | 1530000 | 125/23 ലൈഫ് ഭവനം. Scp | 1530000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 100000 | 135/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| | | 200000 | 96/23 പാലിന് സബ്സിഡി | 200000 | 0 |
| | | 50000 | 89/23 പാലിന് സബ്സിഡി | 50000 | |
| | **ആകെ** | **3847411** | | **3847411** | **3682247** |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ നാളിതുവരെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. B-4 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന ബ്ലോക്ക് വിഹിതം-648921 ജില്ലാ പഞ്ചായത്ത് വിഹിതം -3,682,247.
തുകകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവർത്തികളുടെ വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 304, വാരിയംപറമ്പ് പൈപ്പ് ലൈൻ മെയിന്റനൻസ് | XVFC/2023/P/86 | 150000 | 150000 | 0 |
| കേരള വാട്ടർ അതോരിറ്റി | 305,വാരിയം പറമ്പ് ആന്ത്രാംകുന്ന് മലമ്പുഴ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | XVFC/2023/P/82 | 100000 | 100000 | 0 |
| കേരള വാട്ടർ അതോരിറ്റി | 306, ഉണ്ണിരാം കുന്ന് - വി കെ കോളണി മലമ്പുഴ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | XVFC/2023/P/84 | 100000 | 100000 | |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് പറളി | 175, വൈദ്യുതി പോസ്റ്റ് മാറ്റൽ | 29-03-23, Own Fund | 19918 | 19918 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-5 ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ - ഭവന നിർമ്മാണം | GO(MS)/68 /2018, LSGD Dt 8-05-2018 | 7576000 | 59706603 | 67282603 | 7745701 | | 59536902 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1382- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| Enq- | - | 1382 | രാജ്കുമാർ സെക്രട്ടറി | 1220208172/28-02-2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | പൊതു അവലോകനം | 2009-10 | ഖ. 2-3 | 2009-10, ഖ. 2-3 – കെ.എസ്.എ-പി.കെ.ഡി14/ 1241/22 ഗ്രാമ/വാർഡ് സഭകളിലും കമ്മിറ്റികളിലും | 18-06-22 പ്രകാരം എം.ഐ.പി ഹെഡ് ഓഫീസിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നില്ല | സിറ്റിംഗ് നടന്നിട്ടില്ല. |
| | | 2014-15 | 5.7.6 | മൃഗസംരക്ഷണ, ക്ഷീര വികസന മേഖല-പ്രത്യേക അവലോകനം - 5.7 | സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2014-15 | | തൊഴിൽ നികുതി 2014-15 | അനുബന്ധം 4 – | തൊഴിൽ നികുതി | സിറ്റിംഗ് കഴിഞ്ഞിട്ടില്ല. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 131198970 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73385431 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2640/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-33 | 1195/- | ശ്രീ.ദേവപ്രസാദ്.പി.എം. അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-34 | 1445/- | ശ്രീമതി.അഖില, അസിസ്റ്റന്റ്എഞ്ചിനിയർ |
| ആകെ | 2640/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ദേവപ്രസാദ്.പി.എം. അസിസ്റ്റന്റ് എഞ്ചിനിയർ | കേരളശ്ശേരി ഗ്രാമപഞ്ചായത്ത് | ദേവാഞ്ജലി, ഗാന്ധിനഗർ, ഒലവക്കോട്, പാലക്കാട്. |
| ശ്രീമതി.അഖില, അസിസ്റ്റന്റ് എഞ്ചിനിയർ | പിരായിരി ഗ്രാമപഞ്ചായത്ത് | അപ്സര കോട്ടേജ്, പുതുശ്ശേരി, പാലക്കാട്. |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1999-00 | LF.P12/462/09/12.06.09 | 2 |
| 2000-01 | LF.P12/1396/05/04.01.06 | 2 |
| 2003-04 | LF.P12/1631/07/05.04.08 | 6 |
| 2004-05 | LF.P12/558/06/09.10.06 | 1 |
| 2005-06 | LF.P17/1074/10/01.12.10 | 5 |
| 2006-07 | LF.P17/1068/10/19.11.10 | 5 |
| 2008-09 | LF.P17/1032/11/14.12.11/05.06.12 | 4 |
| 2009-10<br>2010-11 | LF.P17/2763/13/06.01.14 | 12 |

| | | |
|---|---|---|
| 2011-12 | | |
| 2012-13 | എൽ എഫ് പി 17/390/2015 /2-5-15 | 14 |
| 2013-14 & 2014-15 | നം.കെ.എസ്.എ-പികെഡി-17/1427/16 /8.8.2016 | 24 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി.17-228-17/08.02.172 | 2 |
| 2016-17 | കെ.എസ്.എ-പികെഡി17-1174/2017/26.07.2017 | 14 |
| 2017-18 | നം.കെ.എസ്.എ-പികെഡി.17-835/2019 /20.07.2019 | 15 |
| 2018-19 | നം.കെ.എസ്.എ-പികെഡി.17/54 /2020/19.05.2020 | 7 |
| 2019-20 | നം.കെ.എസ്.എ-പികെഡി.17/1648 /21/21.01.2022 | 32 |
| 2020-21 | നം.കെ.എസ്.എ-പികെഡി.17/1649 /21/21.01.2022 | 34 |
| 2021-22 | നം.കെ.എസ്.എ-പികെഡി..17-478/2023, 19/04/2023 | 30 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(2) dated 15-07-2023 and submitted on 30-10-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pirayiri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pirayiri Grama Panchayat for the year 2022-2023

**Date: 28/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Pirayiri Grama Panchayat for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1.Asset register is not updated. The asset register is not prepared in such a way as to verify the existence and value of the fixed assets mentioned in the balance sheet.

2.Entries in cash flow statement donot match.

3.Basic ratios and notes to accounts as per rule 62(e) (f) of the Kerala Panchayat Raj (Accounts) Rules, 2011 are not included in the annual financial statements.

4.NREGS -entries in I6 and I14(c)+I14(F) do not match.

5.Beneficiary contribution expenditure is not recorded in Annual financial statements- I-6.

6.The year-end summary has not been recorded in the profession tax register and in the permit register

7.License fees receipts recorded in annual financial statement is not matching with the register.

8. E-tender fee remitted to own fund during the financial year do not reflect in the R&P schedule

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex-3

## വാർഷിക കണക്കുകൾ - സംക്ഷിപ്തം

| Pirayiri Grama Panchayat BALANCE SHEET as on 31.3.2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 66667574.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1288.00 |
| 312000000 | Reserves | B-3 | 49306853.00 |
| | **Total Reserve & Surplus** | | **115975715.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 24104704.00 |
| | **Total Grants, Contributions for Specific Purposes** | | **24104704.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 59536902.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **59536902.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 710031.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 6533969.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **7244000.00** |
| | **TOTAL LIABILITIES** | | **206861321.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1695326.00 |
| 412000000 | Capital Work in Progress | B-11(b) | 2158309.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1204332.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 10619600.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 36873560.00 |
| 416000000 | Accumulated Depreciation | B-11(a) | -5714029.00 |
| | **Total Fixed Assets** | | **46837098.00** |
| | **Investments** | | |

| | | | |
|---|---|---|---|
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 37931786.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 59536902.00 |
| 450000000 | Cash and Bank Balance | B-17 | 57813539.00 |
| 460000000 | Loans, Advances and Deposits | B-18 | 4741996.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **160024223.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **206861321.00** |

(2)

**Pirayiri Grama Panchayat INCOME & EXPENDITURE STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 10913818.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 677042.00 |
| 140000000 | Fee & User Charges | I-4 | 3528592.00 |
| 150000000 | Sale & Hire Charges | I-5 | 377842.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 177763972.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1191861.00 |
| 180000000 | Other Income | I-9 | 239909.00 |
| 190000000 | Prior Period Income | I-19 | -506920.00 |
| | **Total Income** | | **194693036.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 13136355.00 |
| 220000000 | Administrative Expenses | I-11 | 4955893.00 |
| 230000000 | Operations & Maintenance | I-12 | 6335915.00 |
| 240000000 | Interest & Finance Charges | I-13 | 5095.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6241173.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 41535053.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 8629806.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 19568500.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 67069150.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 3830209.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | **Total Expenditure** | | **171307149.00** |

| | | | |
|---|---|---|---|
| | **Gross Surplus / Deficit of income over Expenditure** | | **23385887.00** |
| | **Gross Surplus / Deficit of income over Expenditure** | | **23892807.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-506920.00** |

(3)

| **Pirayiri Grama Panchayat RECEIPT & PAYMENT STATEMENT** | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 45296560.00 |
| Cash | Cash | RP-40(a) | 199302.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 3100230.00 |
| 130000000 | Rental income from Panchayat Properties | RP-3 | 543000.00 |
| 140000000 | Fees & User Charges | RP-4 | 3069538.00 |
| 150000000 | Sale & Hire Charges | RP-5 | 377842.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 37122703.00 |
| 171000000 | Interest Earned | RP-9 | 1191861.00 |
| 190000000 | Prior Period Income | RP-11 | 8617.00 |
| 210000000 | Establishment Expenses | RP-12 | 18622.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19712363.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11619024.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 239909.00 |
| 330000000 | Secured Loans | RP-31 | 7576000.00 |
| 340000000 | Deposits Received | RP-33 | 286152.00 |
| 350000000 | Other Liabilities | RP-35 | 837247.00 |
| | **Grand total** | | **131198970.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 19000.00 |
| 320000000 | Grants, Funds & Contributions for Specific | RP-30 | 450001.00 |

| | | | |
|---|---|---|---|
| | Purposes | | |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 18262.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 65000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 18859834.00 |
| 460000000 | Loans, Advances and Deposits | RP-49 | 291200.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 305820.00 |
| 350000000 | Other Liabilities | RP-35 | 53376314.00 |

| | | | |
|---|---|---|---|
| | **Closing Balance** | | |
| Bank | Bank | RP-40(b) | 57759874.00 |
| Cash | Cash | RP-40(b) | 53665.00 |
| | **Grand Total** | | **131198970.00** |

**ഡെപ്യൂട്ടി ഡയറക്ടർ**